# കേരളപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ്

## VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2009

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

***Prepared by*** :
State Council of Educational
Research and Training (SCERT)
Poojappura, Thiruvananthapuram - 12, Kerala
*Website* www.scertkerala.gov.in
*e-mail* scertkerala@asianetindia.com

© Government of Kerala • Department of Education • 2009

പ്രിയപ്പെട്ട കുട്ടികളേ,

മാതൃഭാഷയുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ
നിങ്ങൾക്ക് അവസരം ലഭിച്ചിരിക്കുകയാണ്.

നമ്മുടെ സംസ്കാരത്തിന്റെ നിധികുംഭങ്ങൾ നിങ്ങൾക്ക് സ്വന്തമാകാൻ
പോകുന്നു.

ഈടുറ്റ സാഹിത്യത്തിന്റെ ലോകത്ത് ഇനി യഥേഷ്ടം സഞ്ചരിക്കാം.

അറിവിനും അനുഭൂതിക്കും വേണ്ടി, കൂട്ടുകൂടാനും
പങ്കുവയ്ക്കാനും ഈ പഠനം സഹായകമാവും.

നമ്മൾ നിരന്തരം പറയുകയും എഴുതുകയും ചെയ്യുന്ന ഭാഷയിൽ
എത്രയെത്ര രഹസ്യങ്ങളാണ് ഒളിഞ്ഞിരിക്കുന്നത്!

അറിയുന്തോറും ഇനിയും അറിയാൻ ഏറെ ബാക്കിയാവുന്നു.

ഭാഷാപഠനം കൗതുകവും ആവേശവും ഉണർത്തുന്ന പ്രവർത്തനമാണ്.

നാം ജീവിക്കുന്ന സമൂഹത്തെയും പ്രകൃതിയെയും
അറിയാനും അവയുടെ സുസ്ഥിതിക്കായി പ്രവർത്തിക്കാനും
നമ്മുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും
ഭാഗമാവാനും ഈ പഠനം സഹായകമാവും.

സ്നേഹാശംസകളോടെ,

**പ്രൊഫ. എം.എ. ഖാദർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

ശ്രീ. ഗംഗാധരൻ എം.വി.
ശ്രീ. ജയരാജ് പി.കെ.
ഡോ. പി.കെ. തിലക്
ശ്രീ. ദീനദയാൽ ബാബു
ശ്രീ. നജീബ് കെ.എ.
ഡോ. എം.എം. ബഷീർ
ഡോ. എം. ബാലൻ
ശ്രീമതി ബിന്ദു ഡി.
ശ്രീ. മനോഹരൻ കെ.
പ്രൊഫ. എം.ആർ. രാഘവവാര്യർ
ഡോ. രാമകൃഷ്ണൻ കെ.
ശ്രീമതി പി. വത്സല
ശ്രീ. രാമചന്ദ്രൻ കെ.
ശ്രീ. വിനു കെ.പി.
ശ്രീ. വിനോദ് കൃഷ്ണൻ കെ.സി.
ശ്രീ. സജീവൻ എ.
ശ്രീമതി സ്മിത അരവിന്ദ്

## ചിത്രകാരന്മാർ

ശ്രീ. മാധവൻ വി.പി.
ശ്രീ. ലാൽ കെ.
ശ്രീ. ഹർഷൻ

## വിദഗ്ധർ

ഡോ. ഡി. ബഞ്ചമിൻ
ഡോ. കെ.എസ്. രവികുമാർ

## അക്കാദമിക് കോഡിനേറ്റർ

ശ്രീമതി അൽഫോൻസ പി.എം.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


1. **വർണസുരഭിയാം ഭൂമി**
   - ആകാശത്തിൽ ഒരു വിടവ്
   - ഹരിതം
   - ഉപവസന്തം
   - ഒരരിപ്പിറാവ്

2. **നന്മയുടെ പൂമരങ്ങൾ**
   - തൊപ്പി തുന്നുന്നവർ
   - കുരിശിൽ
   - നന്മയുടെ കടലാസ്

3. **അതിരുകൾക്കപ്പുറം**
   - അരങ്ങേറ്റം
   - ചോമന്റെ ദുഃഖം
   - മരിക്കാത്ത ഓർമകൾ

4. **പ്രകാശഗോപുരങ്ങൾ**
   - മരുന്ന്
   - കത്തിയും മുരളിയും
   - സാന്ത്വനസ്പർശം
   - ആതുരസേവനത്തിന്റെ സന്നദ്ധഭടൻ

5. **ചിറകുള്ള കല്പനകൾ**
   - വായില്ലാക്കുന്നിലപ്പൻ
   - പ്രതീക്ഷയുടെ ചിറകുകൾ




# വർണസുരഭിയാം ഭൂമി

1

കാട്ടിലെ ജീവജാലങ്ങൾക്കെല്ലാം തേക്കുമുത്തച്ഛനെ ബഹുമാനമാണ്. രാജാവായ സിംഹംപോലും മുത്തച്ഛനോടു ചോദിച്ചിട്ടേ കാര്യങ്ങൾ ചെയ്യാറുള്ളൂ. എല്ലാവരും അദ്ദേഹത്തിന്റെയടുത്തു വരും. അവിടെ ആരും ആരെയും ഉപദ്രവിക്കില്ല. വൈകുന്നേരങ്ങളിൽ കുട്ടികൾ കളിക്കാനും മുതിർന്നവർ വിശ്രമിക്കാനും അവിടെ വരാറുണ്ട്. അങ്ങനെയിരിക്കെ രണ്ടു മരംവെട്ടുകാർ അവിടെ വന്നു. തന്റെ മരണമടുത്തുവെന്നു മുത്തച്ഛനു മനസ്സിലായി. അവർ കയർ വലിച്ചുകെട്ടി വെട്ടാനാരംഭിച്ചു. മുത്തച്ഛൻ വേദനകൊണ്ടു പുളഞ്ഞു.

മരത്തിലെ തേനീച്ചകൾക്കു കാര്യം മനസ്സിലായി. അവ കൂട്ടത്തോടെ മരംവെട്ടുകാരെ ആഞ്ഞുകുത്തി. വേഴാമ്പൽ താണിറങ്ങി ഒരാളുടെ കണ്ണിന് ഒരു കൊത്തുകൊടുത്തു. മഴുവും കയറും ഉപേക്ഷിച്ചുകൊണ്ടോടുന്ന മരംവെട്ടുകാരുടെ മുന്നിൽ സിംഹം ചാടിവീണു. അവർ ഭയന്നുവിറച്ചു. “നിങ്ങളെ കൊല്ലുന്നതിൽ ഞങ്ങൾക്കു താൽപ്പര്യമില്ല. ഇനിമേൽ ഈ വഴിക്കു കണ്ടുപോകരുത് ”- സിംഹം താക്കീതു നൽകി. വിട്ടയച്ചിട്ടും അവർക്കു പോകാൻ വഴി അറിയില്ലായിരുന്നു. നാട്ടിലേക്കുള്ള വഴി കാണിച്ചുകൊടുക്കാൻ മഞ്ഞക്കിളിയോടു സിംഹം പറഞ്ഞു.

- തേക്കുമുത്തച്ഛനെ കൂട്ടുകാർ രക്ഷപ്പെടുത്തിയതിന്റെ കാരണങ്ങളെന്താവാം? മരംവെട്ടുകാരോട് അവർ എങ്ങനെയാണു പെരുമാറിയത്? ഇത് എന്തുകൊണ്ടാവാം? കാടിനോടു മനുഷ്യൻ പെരുമാറുന്നത് എങ്ങനെയാണ്? കൂട്ടുകാരുമായി ചർച്ച ചെയ്യൂ.



# ആകാശത്തിൽ ഒരു വിടവ്

**ആ** കാഴ്ച കാണാൻ നാട്ടിലെ മിക്ക ആളുകളും ഒത്തുകൂടിയിരുന്നു. കൂട്ടത്തിൽ, കുട്ടികളായ ഞങ്ങളും.

നാട്ടിലെ ഏറ്റവും ഉയരംകൂടിയ മരം മുറിക്കുകയാണ്.

ഇല്ലത്തെപ്പറമ്പിലെ അയിനിമരം. നാഴികകൾക്കപ്പുറത്തുനിന്ന് അതിന്റെ തലയെടുപ്പു കാണാം. അത്ര ദൂരെനിന്ന് അത്ര ഉയരത്തിൽ കാണാവുന്നത് ഓട്ടുകമ്പനിയുടെ പുകക്കുഴൽ മാത്രമാണ് വേറെ.

ചിരപുരാതനമായ വൃക്ഷം.

പുഴയിലെയും ദൂരെ കൂരടക്കുന്നിലെയും യാത്രക്കാർ ഏതു കൂരിരുട്ടിലും ദിശയും വഴിയുമറിയുന്നത് നാട്ടുവെളിച്ചത്തിൽ വൃക്ഷനിരയ്ക്ക് കിരീടം പോലെ ഉയർന്നുനിൽക്കുന്ന ഈ മരത്തിന്റെ സ്ഥാനം പിടിച്ചാണ്. ഭാരിച്ച ചുമടേറ്റിനിൽക്കുന്ന ആളുടെ ചുമലിന്റെ വളവുപോലെയൊരു നേരിയ കുനിയലുണ്ട് ഏറ്റവും മുകളിൽ.



വലിയ കടവണ്ണമൊന്നുമില്ല. ഒരാൾക്ക് പിടിച്ചാൽ പിടിയെത്തുകയില്ലെങ്കിലും രണ്ടാൾ വേണ്ടതാനും. കടയൊരു പൊത്തായിട്ടുണ്ട്. അത് എത്രത്തോളം മുകളിലേക്കുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ. അതിനകത്തു പലതരം ജീവികൾ കൂടുകൂട്ടി താമസിക്കുന്നു.


പിന്നെയും മുകളിൽ കടവാതിലുകൾ തൂങ്ങിക്കിടക്കുന്നു; ഈറൻ ശീലക്കുടകൾ മാതിരി. അതിനും മുകളിലാണു കാക്കക്കൂടുകൾ. ഏറ്റവും മുകളിൽ പരുന്തുകൾ കൂടുകെട്ടുന്നു.

ഏറ്റവും മുകളിലെ ഒരു ചില്ലയിൽ ഇലകൾക്കും മുകളിൽ വൈകുന്നേരങ്ങളിൽ ഒരു കൃഷ്ണപ്പരുന്തിരുന്ന് ആടാറുണ്ട്. വേറെയൊരു മരത്തിലും കാറ്റില്ലാത്തപ്പോഴും അയിനി ആടും– നിലനിൽപ്പ് ആസ്വദിക്കുന്നതുപോലെ.

അതു മുറിക്കുന്നുവെന്നു കേട്ടുതുടങ്ങിയിട്ട് കുറച്ചുകാലമായിരുന്നു. ഇക്കൊല്ലമില്ല, അടുത്തകൊല്ലമേ ഉണ്ടാവൂ എന്നു നീണ്ടുപോയതാണ്. ഇല്ലത്തെ തിരുമേനിക്ക് എക്കാശങ്ക-വേണോ വേണ്ടേ?

കാറ്റത്തെങ്ങാൻ വീണാൽ ഇല്ലത്തിന്റെ പൂമുഖം തകരും. പൊത്താണ് കട. എങ്ങോട്ടാണു വീഴുന്നതെന്നു പറയാൻ വയ്യ.

അക്കാര്യത്തിൽ സംശയമില്ലെന്നായിരുന്നു കോപ്പനാശാരിയുടെ വിദഗ്ധാഭിപ്രായം. ഇല്ലത്തിനുമുകളിൽ വീഴുകയില്ലെന്ന് മൂത്താശാരി നൂറുശതമാനവും ഉറപ്പുപറഞ്ഞു. നിൽപ്പ് കണ്ടാലറിയാം, കാറ്റിന്റെ ഗതി ഏതാണ്ട് ഊഹിക്കാവുന്നതേയുള്ളൂ. പിന്നെ, പഴമരം ചതിക്കില്ല.



ഈ ഉറപ്പിന്മേലാണ് മരംവെട്ട് നീണ്ടുപോയത്. ഓരോ കൊല്ലവും മൂത്താശാരി മരച്ചുവട്ടിൽച്ചെന്ന് ചുറ്റും നടന്നു മേലോട്ടുനോക്കി തന്റെ ഉറപ്പ് ആവർത്തിച്ചുപോന്നു. മരത്തിൽത്തൊട്ട് അപേക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നത്രേ: ''ചതിക്കല്ലേ ചങ്ങാതീ!''

അങ്ങനെയിരിക്കെ, ഇല്ലത്തെ വലിയ തിരുമേനി മരിച്ചു. പുതിയ അവകാശികളിൽ മൂത്തവരൊക്കെ അന്യനാടുകളിൽ ജോലിയിൽ. ഏറ്റവും പ്രായം കുറഞ്ഞ അനിയനേ ഇല്ലത്തുള്ളൂ. എന്തിനീ അപായസാധ്യത വച്ചുകൊണ്ടിരിക്കണം? മുറിച്ചുനീക്കാൻതന്നെ തീരുമാനിച്ചു.

മരക്കമ്പനിക്കാർ വന്ന് രണ്ടായിരത്തിമുന്നൂറുറുപ്പിക വിലയും പറഞ്ഞു. പത്തുമുപ്പത്തിയഞ്ചു കൊല്ലം മുമ്പു രണ്ടായിരത്തിമുന്നൂറുറുപ്പിക വലിയ തുകയായിരുന്നുവല്ലോ.

കച്ചവടമുറച്ചു.

''മുറിക്കാൻ ഞങ്ങൾ ആളെ കൊണ്ടുവരണോ, നാട്ടിൽ ആരെങ്കിലുമുണ്ടാകുമോ?''



എന്നായി മരക്കമ്പനിക്കാരുടെ ചോദ്യം.

മൂത്താശാരിക്ക് ആളുപോയി.

ഇല്ലത്തെ മുറ്റത്തെത്തിയ കോപ്പനാശാരി കുടുമയഴിച്ചുകെട്ടി, തോർത്ത് കക്ഷത്തടക്കി മുറപോലെ ഓച്ഛാനിച്ചുനിന്നു.

മരക്കമ്പനിക്കാർ കാര്യം പറഞ്ഞു.

കോപ്പനാശാരിയുടെ കണ്ണുകൾ മരത്തിന്റെ ഉച്ചിയിലായിരുന്നു. നെറ്റിയിൽ അനേകം ചുളിവുകളിൽ വിയർപ്പിന്റെ ഉപ്പ് പൊടിഞ്ഞുകിടന്നു. കാതിലെ വള്ളിക്കടുക്കൻ രണ്ടും കവിളുകളിൽ മുട്ടുംവിധം കോപ്പനാശാരി തല കുടഞ്ഞു: ''അടിയൻ മുറിക്കില്ല.''

''അതെന്താടോ കോപ്പാ?'' എന്നായി മുതിർന്ന നമ്പൂതിരിപ്പാട്:

''പരശുരാമന്റെ കോടാലി ഇപ്പൊ കോപ്പന്റെ കയ്യിലല്ലേ!''

''കൂടുതലൊന്നും ചോദിക്കരുത്,'' കോപ്പനാശാരി തല കുനിച്ചു: ''ഈ മരം അടിയൻ മുറിക്കില്ല.''

നമ്പൂതിരിപ്പാട് ചിരിച്ചു: ''എന്നാൽ വേണ്ട. മരം ഏതായ്യാലും വിറ്റു. മുറിക്ക്യേം ചെയ്യും. നാല് കാശ് കോപ്പന് കിട്ടട്ടേന്നേ നിരീച്ച്ള്ളൂ. വേണ്ടെങ്കിൽ വേണ്ട.''

''ഒരു കാര്യണ്ട്,'' കോപ്പനാശാരി യാത്രപറഞ്ഞു: ''ആര് മുറിച്ചാലും ആ മരം മുറിക്കുമ്പൊ സൂക്ഷിക്കണം.''

ലോറിയിലാണു മരപ്പണിക്കാർ വന്നത്; അഞ്ചാറുപേർ. പല വലുപ്പങ്ങളിലുള്ള മഴു, കോടാലി, വെട്ടുകത്തി- എല്ലാം ഊട്ടിയെടുത്തവ.

ഞങ്ങളെ അത്ഭുതപ്പെടുത്തിയത്, ഞങ്ങൾ ആരും അന്നേവരെ കാണാത്തത്ര വണ്ണമുള്ള കമ്പക്കയറിന്റെ വലിയ ചുരുളായിരുന്നു. മൂന്നുപേർ താങ്ങിയാണ് ആ ചുരുൾ ലോറിയിൽ നിന്നിറക്കിയതുതന്നെ.

നമ്പൂതിരിപ്പാട് മരച്ചുവട്ടിൽ വന്നു: ''ഒരു കാര്യണ്ട്. മറ്റ് വൃക്ഷങ്ങൾക്കൊന്നും കേടുതട്ടരുത്. മരം കടമുറിഞ്ഞു വീഴണത് ഇല്ലത്തിന്റെ മുകളിലാവാനും പാടില്ല!''

വെട്ടുകാർ ഉടുപ്പു മാറ്റി മരക്കറ പുരണ്ട തോർത്തുകളുടുത്ത് തയാറായി. കമ്പക്കയറിന്റെ ഒരറ്റം സ്വന്തം അരയിൽച്ചുറ്റി ഒരാൾ മരത്തിൽ കയറാൻ തുടങ്ങി. ചുമലിൽ കോടാലി.

വെട്ടുകാരുടെ മൂപ്പൻ താഴെനിന്ന് നിർദേശങ്ങൾ കൊടുത്തു: ''അതാ, ആ കവുളീമ്മ ചവുട്ടിക്കൊ, മൂന്നാമത്തെ വളവില് കയറ് കെട്ടണം.''

മറ്റു രണ്ടുപേർ കമ്പയുടെ ചുരുളഴിച്ച് ഉയർത്തിക്കൊടുത്തുകൊണ്ടിരുന്നു.

പലതരം പക്ഷികളും ജീവികളും മരത്തിൽനിന്നു പറന്നും ചാടിയും രക്ഷപ്പെട്ടുകൊണ്ടിരുന്നു.

മരത്തിന്റെ കടയിലെ പൊത്തിൽ മണ്ണെണ്ണത്തുണി തിരുകി തീ കൊളുത്തുമ്പോഴാണ് മൂത്താശാരി വന്നത്.

മുറംകൊണ്ട് വീശി മണ്ണെണ്ണപ്പുകയും തീയും പൊത്തിനകത്തു കയറ്റിയപ്പോൾ നിരവധി മരത്തവളകളും ഒരു പാമ്പും പുറത്തുചാടി.

മരത്തവളകളെ ആരുമൊന്നും ചെയ്തില്ല; പാമ്പിനെ ഓടിയെത്തി തല്ലിക്കൊന്നു.

മൂപ്പൻ പറഞ്ഞു: ''വീതൂട്, അയിന്റെ എണ കാണണം.''

എത്ര പുകയൂതിയിട്ടും വേറൊന്നും പുറത്തുചാടിയില്ല. ഉറക്കമുണർന്ന കടവാതിലുകൾ വട്ടമിട്ടു കരഞ്ഞു പറക്കാൻ തുടങ്ങി. കൃഷ്ണപ്പരുന്ത് ''കൃഷ്ണാ...'' എന്നു കരഞ്ഞുകൊണ്ട് എല്ലാറ്റിനും മുകളിൽ വട്ടമിട്ടു.

മൂത്താശാരി മൗനിയായി എല്ലാം കണ്ടുനിന്നു.

കുട്ടികളായ ഞങ്ങളെ മുതിർന്നവർ ആട്ടിയകറ്റി:

''ദൂരെച്ചെന്ന് നിക്കണം, എല്ലാരും.''

കോപ്പനാശാരി വിളിച്ചു: ''കുട്ട്യോളൊക്കെ ഇങ്ങട്ട് പോരിൻ.''

മരത്തിന്റെ കടയുടെ പത്തുചുവടു മാത്രം ദൂരെയാണ് കോപ്പനാശാരി നിൽക്കുന്നത്. പ്രായമുള്ളവരിൽ ആരോ ചൊടിച്ചു: ''കോപ്പന് അത്തും പുത്തും ആയ്യോ! എവടയ്ക്കാ കുട്ട്യോളെ വിളിക്ക്ണ്, മരത്തിന്റെ കടക്ക്ലിക്കോ! നല്ല പൂരം!''

ഞങ്ങൾ ആട്ടിയകറ്റപ്പെട്ടു: ''ഒക്കെ പോവിൻ! ദൂരെപ്പോവിൻ!''

മരം ചെറിയ തുണ്ടുകളായി അറുത്തറുത്തു വീഴ്ത്താനായിരുന്നു പദ്ധതി. നെടുനീളത്തിൽ വീണാൽ പൊളിഞ്ഞും പൊട്ടിയും പോകും. പണിത്തരത്തിനു കൊള്ളാതാവും.

പാതിയിലേറെയും തുണ്ടുകളാക്കി വീഴ്ത്തിയാൽ കടമുറി മാത്രം വെട്ടിവീഴ്ത്തിയാൽ മതി.

കമ്പക്കയറിന്റെ ഭാരം ആദ്യം കയറിയ ആൾക്ക് താങ്ങാനാവാതെ വന്നപ്പോൾ രണ്ടാമതൊരാൾ കൂടി കയറി. പിന്നെ, മൂന്നാമൻ.

മരത്തിന്റെ നേരെ താഴെ ഏതാനും തൈത്തെങ്ങുകളും പടുമരങ്ങളും മാത്രമേയുള്ളൂ. അതിനൊക്കെ കേടുപറ്റുമെന്നു തീർച്ചയാണ്. തെങ്ങുകളുടെ പട്ടകൾ കൂട്ടിപ്പിടിച്ച് കയറിട്ടുകെട്ടി വച്ചിരിക്കുന്നു- മുത്തശ്ശി മുടി നെറുകയിൽ കെട്ടിയ ചിട്ടയിൽ.

നിലത്തു മുഴുവൻ അയിനിച്ചക്കക്കുരുവും ചുളയളിഞ്ഞതും മടലും. മരത്തിൽ സമൃദ്ധമായി ചക്ക. നിലത്തുവീഴുമ്പോഴേ ചക്ക ചിതറുന്നു. ചെറിയ പക്ഷികളും പട്ടികളും ചക്കച്ചുള തിന്നുന്നു.

പാതി പഴുപ്പായ ചക്ക കടവാതിലുകൾ മുകളിൽവച്ചുതന്നെ തിന്നും. കാക്ക കൊത്തിയാൽ ബാക്കി അടർന്നുവീഴുകയും ചെയ്യും.

വെട്ടുകാരുടെ മൂപ്പൻ മരത്തിനുചുറ്റും നടന്നുനോക്കി. പൊത്തിലേക്കു കയറ്റിയ പുക മരത്തിന്റെ ഉയരങ്ങളിലെ കവിളികളിലെവിടെക്കൂടെയെങ്കിലും പുറത്തുവരുന്നുണ്ടോ? ഇല്ല.

മാറത്ത് കൈയും പിണച്ചുകെട്ടി നിൽക്കുന്ന മരക്കമ്പനിയുടമയോടു മൂപ്പൻ പറഞ്ഞു: ''ഇല്ല, പൊത്ത് മൂന്നരക്കോലേ കാണൂ.''

അവർക്കു സന്തോഷമായി.

മരക്കട മുറിഞ്ഞുവീഴേണ്ട ദിശയും ഒഴിവും മൂപ്പൻ നിശ്ചയിച്ചു. പാതിയുയരത്തിൽ കമ്പ കെട്ടി. കമ്പ താഴെ വലിച്ചുകെട്ടി.

വെട്ടുകാർ പിന്നെയും മുകളിലേക്കു കയറി.

മരക്കടയിൽ പൊത്തിനകത്തുനിന്ന് ഒരു നേരിയ പൊട്ടു കേട്ടു.

അത്രനേരവും മൗനിയായി നിന്ന കോപ്പനാശാരി വെട്ടുകാരുടെ മൂപ്പനെ സമീപിച്ചു: ''കാര്യം ചൊവ്വാണോ?'' ചാരായക്കടയിൽ നിന്ന് എത്തിയ കുപ്പി വായിലേക്കൊഴിക്കുന്ന മൂപ്പൻ തല തിരിച്ചു: ''എന്ത് ചൊവ്വാണോന്നാ?''

''മരം...''

''മരം... ഇങ്ങളേതാ? എന്ത് വേണം?''

''ഞാനൊരാശാരി. ചൊവ്വല്ലാന്തോന്നി, പറഞ്ഞ്ലാന്ന് വരണ്ട.''

''പോയി പണിനോക്കിനേയ്!'' മൂപ്പൻ ചൊടിച്ചു: ''ആള് കേറ്യേ മരത്തിന്റെ ചോട്ടീല് നിന്ന് ഇങ്ങക്കല്ലാണ്ട് പറയാന്തോന്ന്വോ, ചൊവ്വല്ലാന്ന്!''

''ആള് കേറ്ണതോണ്ടാ, പറഞ്ഞതും!'' മൂത്താശാരി പിൻവാങ്ങി.

''ഉഫ്ഫ്ഫു!'' മൂപ്പൻ നീട്ടിത്തുപ്പി. എന്നിട്ട് മരത്തിൻമേലുള്ളവർക്ക് ഒരു താക്കീതും കൊടുത്തു: ''കൊളർക്കണേ, മക്കളേ!''

മൂത്താശാരി പിന്നെപ്പോയതു നമ്പൂതിരിപ്പാടിന്റെ അരികിലേക്കാണ്. അങ്ങു മാറി മുറ്റത്തു നിന്നു കാഴ്ച കാണുകയായിരുന്നു, നമ്പൂതിരിപ്പാട്.

''എന്താ കോപ്പാ?''

''ആപത്തുണ്ടാവും!''

''എന്താപത്ത്?''

''മരം വീഴും!''

''അത് ആപത്താ? മരം വീഴ്ത്താനല്ലെ മുറിക്കണത്!''

''മുറിക്കാതെ വീഴും!''

''അതെങ്ങന്യാടോ!''

''കട പൊട്ടും!''

''അതൊക്കെ അവർക്കറീല്ല്യെ കോപ്പാ? കോപ്പൻ ഇങ്ങട്ട് മാറിനിന്നോളൂ. അവരേയ്, യമകിങ്കരന്മാരാണ്. കണ്ട്ല്യേ കയറും കോടാലീം...''

''ആട്ടെ, തമ്പ്രാൻ ഇവടെ നിക്കണ്ട!''

''എന്താ ഇവടെ നിന്നാൽ?''

''വേണ്ട, ഇവടെ നിക്കണ്ട!''

''ഇതെന്തൊരു തമാശ!''

''തമാശയല്ല, അകത്ത് പോവ്വാ!''

''നിർബന്ധാണോ?''

''അതേ.''

''എന്നാൽ ശരി. തനിക്കിനി അതിന് അങ്കലാപ്പ് വേണ്ട, പൊയ്ക്കളയാം.''

നമ്പൂതിരിപ്പാട് അകത്തുകയറി. കോപ്പനാശാരി മരത്തിന്റെ ആട്ടവും കയറിപ്പോകുന്നവരുടെ പുരോഗതിയും സസൂക്ഷ്മം വീക്ഷിച്ചു. മരച്ചുവടുമുതൽ ഇല്ലത്തെ മുറ്റംവരെയുള്ള നീണ്ട വഴിയിൽനിന്ന് ആളുകളെ മാറ്റിത്തുടങ്ങി.

പറയുന്നതു കോപ്പനാശാരിയായതുകൊണ്ട് ആളുകൾ അനുസരിച്ചു.

ഇത്രയൊക്കെയായിട്ടും പക്ഷേ, കോപ്പനാശാരിക്ക് സഹിക്കാൻ കഴിഞ്ഞില്ല. സൂക്ഷ്മനിരീക്ഷണത്തിനിടയിൽ ഒരു ഘട്ടത്തിൽ കോപ്പനാശാരി ഉറക്കെ വിളിച്ചുപറഞ്ഞു: ''മരത്ത്മ്പ്ല് ഇനി ഇരുന്നുകൂടാ! എറങ്ങണം!''

ആകാശത്തു പച്ചമരത്തിൽ കോടാലി വീഴുന്ന ശബ്ദം മാറ്റൊലിക്കൊണ്ടുകൊണ്ടിരുന്നു. പച്ചമരക്കറയുടെ മണം വായുവിൽ തങ്ങിനിന്നു. ഉണക്കക്കമ്പുകളും പക്ഷിക്കൂടുകളും പച്ചിലകളും ഉതിരുന്നുണ്ടായിരുന്നു.

കോപ്പനാശാരിയുടെ നിലവിളി കേട്ട് മൂപ്പൻ നീരസത്തോടെ തലതിരിച്ചു: ''ഇയ്യാളൊരു സൊന്തരവായല്ലോ!''

കേട്ടവരിൽ ചിലർ ചിരിച്ചു. കാരണമുണ്ട് – കോപ്പനാശാരിക്ക് പൊട്ടനാശാരി എന്നൊരു പേരു



മുണ്ടായിരുന്നു. മറ്റാർക്കുമറിയാത്ത നിയമങ്ങളനുസരിച്ചാണ് കോപ്പനാശാരി ജീവിച്ചു പോന്നത്. ചില മരങ്ങൾ മുറിക്കുകയില്ല, ചില പുരകൾ പണിയുകയില്ല, ചില ദിവസങ്ങളിൽ ഭക്ഷണമില്ല, ചിലരോടു മിണ്ടുകയില്ല...

'സാരല്യ,' ആരോ മൂപ്പനെ സമാധാനിപ്പിച്ചു- ''ഒരു പിരി ലൂസാണ്!''

പിന്നെക്കേട്ടത് കോപ്പനാശാരിയുടെ നെഞ്ഞത്തടിയും 'ചതിക്കല്ലേ' എന്ന അലർച്ചയുമാണ്.

വെറും ഒരു മനുഷ്യന് അത്ര ഉറക്കെ അട്ടഹസിക്കാൻ കഴിയുമോ! കടൽ മുതൽ കല്ലടിക്കോടൻ മലവരെയും ഭൂമി മുതൽ ആകാശംവരെയും ആ അലർച്ച മുട്ടി മുഴങ്ങിയെന്നു തോന്നി. നോക്കുമ്പോൾ, ആകാശം മുട്ടിനിന്ന മരം പതുക്കെ തലചായ്ക്കുന്നു! കടപൊട്ടുന്നു! ശിരസ്സു കുനിയുന്നതു നേരെ ഇല്ലത്തെ പൂമുഖത്തിനുമുന്നിലെ മുറ്റത്തേക്കു തന്നെ!

ശിവ ശിവ! പിന്നീടുണ്ടായ ബഹളം എന്തുപറയാൻ!

തെങ്ങിൻതൈകൾക്കിടയിലൂടെ, കുളത്തിനു വിലങ്ങായി, ഒരു ചെടിക്കുപോലും

കേടുകൂടാതെ, കമ്പക്കയററുത്ത് മരം അലറിച്ചീറി വീണു.

മരത്തിൽക്കയറിയ മൂന്നുപേരും തെറിച്ചുവീണത് കുളത്തിലെ കുഴമ്പുചേറിൽ. രണ്ടുപേർ സ്വയം നീന്തിക്കയറി. ഒരാൾ കുളത്തിൽക്കിടന്നു കരയാനും തുടങ്ങി.

വലിച്ചുകയറ്റി നോക്കിയപ്പോൾ തുടയെല്ല് പൊട്ടിയിരിക്കുന്നു.

മരം നൂറായി നുറുങ്ങിപ്പോയി.

പൊടിതൂളായി എന്നു പറയുന്നതാവും കൂടുതൽ ശരി. വെട്ടിക്കീറിയതുപോലുള്ള വിറകു തുണ്ടുകൾ.

പൊട്ടിയ കടയിലെ പൊത്തിൽ മുട്ടവിരിയാൻ അടയിരിക്കുന്ന പാമ്പ് ചത്തും കിടന്നു.

'മാമാങ്കം' കഴിഞ്ഞ് തിരികെപ്പോരുന്ന ഞങ്ങൾ കുട്ടികൾ വയലിലിറങ്ങി തിരിഞ്ഞുനോക്കി.

ആകാശത്തിൽ ഒരു ഒഴിവ്.

പിറ്റേന്ന് അത്ഭുതകരമായ മറ്റൊരു സംഭവമുണ്ടായി; കോപ്പനാശാരി അമ്പലനടയിൽച്ചെന്ന് ഉളിവച്ച് തൊഴിലുപേക്ഷിച്ചു!

വിറകു പെറുക്കിവിറ്റാണ് കോപ്പനാശാരി പിന്നെയും അഞ്ചെട്ടുകൊല്ലം, മരിക്കുവോളം കഴിഞ്ഞത്.

പ്രായമായ മക്കൾ നല്ല മരപ്പണിക്കാരായി. ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. പക്ഷേ, മൂത്താശാരി അന്തിയോളം കാട്ടിലും മേട്ടിലും പുഴയിലും ചുള്ളിവിറക് പെറുക്കി. നാട്ടിൽ ഏതു വീടിന് കുറ്റിയടിക്കുമ്പോഴും കട്ടിളവയ്ക്കുമ്പോഴും ഉത്തരം വയ്ക്കുമ്പോഴും മോന്തായം കൂട്ടുമ്പോഴും ഏതു വീട്ടിൽ കുടിയിരിപ്പു നടക്കുമ്പോഴും മൂത്താശാരിയെ ക്ഷണിച്ച് ഭക്ഷണം കൊടുക്കുക പതിവായി.

ഒറ്റമുണ്ടും നീണ്ടുവളർന്ന താടിയുമായി മൂത്താശാരി ഒരു അവധൂതനെപ്പോലെ നാട്ടിൽ നടന്നു.

ഇല്ലപ്പറമ്പിൽ ആ വന്മരം നിന്നേടത്ത് ഇപ്പോഴും ആകാശത്തിൽ ഒരു വിടവ് അവശേഷിക്കുന്നു.

ആൽത്തറയിൽ അന്തിയുറങ്ങി ഉണരാതായ മൂത്താശാരിക്ക് ഉണ്ണാൻ, ഇപ്പോഴും ഞങ്ങളുടെ നാട്ടിൽ പുതുവീടുകളിൽ കുടിയിരിക്കുന്നവർ മച്ചിൽ വിളമ്പി വാതിലടയ്ക്കുന്നു.

തലമുറകളിലൂടെ പകർന്നുകിട്ടിയ ജന്മവാസനകൊണ്ടെന്ന പോലെ ഒരു കൃഷ്ണപ്പരുന്ത് ഇന്നും കൂടുകൂട്ടും കാലത്ത് ഇല്ലപ്പറമ്പിനു മുകളിൽ 'കൃഷ്ണാ!' എന്നു കരഞ്ഞുകൊണ്ട് വട്ടമിടുന്നു.

മരങ്ങളേറെയുണ്ടായിട്ടും അത്രയും ഉയരമെത്താൻ മറ്റൊരു മരത്തിനും ഇന്നേവരെ

കഴിഞ്ഞിട്ടുമില്ല.

*സി. രാധാകൃഷ്ണൻ*

- 'ആകാശത്തിൽ ഒരു വിടവ്' എന്ന തലക്കെട്ട് കഥയ്ക്ക് എത്രത്തോളം യോജിക്കുന്നുണ്ട്? എന്തുകൊണ്ടെന്ന് വിശദീകരിക്കുക.
- മണ്ണേനമ്പി ലേലയ്യാ മരമിരുക്ക്
  മരത്തേനമ്പി ലേലയ്യാ കൊമ്പിരുക്ക്
  കൊമ്പേ നമ്പി ലേലയ്യാ ഇലയിരുക്ക്
  ഇലയേ നമ്പി ലേലയ്യാ പൂവിരുക്ക്
  പൂവേ നമ്പി ലേലയ്യാ കായിരുക്ക്
  ..........................................................................

  ഈ വരികളിലെ ആശയത്തെ കഥയിലെ കോപ്പനാശാരിയുടെ കാഴ്ചപ്പാടുമായി താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.
- വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ശരിയായി മനസ്സിലാക്കാതെ പൊട്ടൻ, പിരാന്തൻ എന്നൊക്കെ വിളിച്ച് ചിലർ പരിഹസിക്കാറുണ്ട്. അവരെ മനസ്സിലാക്കുമ്പോഴേക്ക് ഏറെ വൈകിപ്പോവാറുമുണ്ട് -കോപ്പനാശാരി എന്ന കഥാപാത്രത്തിന്റെ ജീവിതാനുഭവങ്ങൾ അടിസ്ഥാനമാക്കി പരിശോധിക്കുക. അങ്ങനെയുള്ള ഒരു വ്യക്തിയെ കേന്ദ്രകഥാപാത്രമാക്കി കഥ രചിക്കൂ.
- കഥയിൽ കൂടു നഷ്ടമായി ഇല്ലത്തിനു മുകളിൽ വട്ടമിട്ടു പറക്കുന്ന ഒരു കൃഷ്ണപ്പരുന്തുണ്ട്. അതിന് ഒരുപാടോർമകളുണ്ട്; വേദനയുണ്ട്. എന്തൊക്കെയായിരിക്കാം പരുന്തിന്റെ ചിന്തകൾ? നിങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കൂ.
- ചുറ്റുപാടുകൾ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ഒരുപാടു കൗതുകങ്ങൾ കണ്ടെത്താനാവും. അയിനി മരം മുറിക്കാൻ തുടങ്ങിയപ്പോൾ കുറേയേറെ ജീവികൾ ശ്രദ്ധയിൽപ്പെട്ടത് കഥാകൃത്ത് ആവിഷ്കരിക്കുന്നു. ഇതുപോലെ നിങ്ങൾ കണ്ട രസകരമായ ദൃശ്യങ്ങൾ വർണിക്കുന്ന ഡയറിക്കുറിപ്പ് തയാറാക്കൂ.

തുളസിക്ക്,

കത്തിനും കുറിപ്പിനും നന്ദി. കത്തിലെ നാലു വരികൾ എഴുതാൻ ഒരു ഷീറ്റ് കടലാസ് ഉപയോഗിച്ചതു നന്നായില്ല. കടലാസ് ഉണ്ടാക്കാൻ മരമാണ് മുറിക്കുക എന്നറിയാമല്ലോ. ഇനി ശ്രദ്ധിക്കുക. ഒന്നും അമിതമായി ഉപയോഗിക്കരുത്. പ്രകൃതിക്കുമേലുള്ള സമ്മർദം കുറയ്ക്കാൻ ശ്രമിക്കുക. പ്രകൃതിയെ കാണാൻ തട്ടേക്കാട്ട് പോകണമെന്നില്ല; എല്ലായിടത്തുമുണ്ട്. അൽപ്പം സമയം ചെലവാക്കണമെന്നേയുള്ളൂ. ഞാൻ താമസിക്കുന്ന ഈ വീടിന്റെ പിന്നിൽ രണ്ട് രാക്കൊക്ക് ഉറങ്ങുന്നു. രണ്ട് ഇന്ത്യൻവേഴാമ്പൽ ഉണ്ട്. ഒരു മലബാർ വിസിലിങ് ത്രഷും പിന്നെ മഞ്ഞക്കറുപ്പനും. ഇടയ്ക്ക് മയിൽ വരുന്നുണ്ട്. വന്നാൽ കാണിച്ചു തരാം.

ഇടയ്ക്കിടെ എഴുതുക. നിന്നെപ്പറ്റിയുള്ള എല്ലാ വിവരവും അറിയാൻ എനിക്ക് താൽപ്പര്യമുണ്ട്. നീ എഴുതിയാൽ ഞാൻ മറുപടി അയയ്ക്കാം. വേറെ ഒന്നും ഇല്ല.

എന്ന് സസ്നേഹം
സ്വന്തം ജോൺസി അങ്കിൾ

- കടലാസുണ്ടാക്കുന്നതുപോലെ വീടുകെട്ടാനും ഉപകരണങ്ങൾ നിർമിക്കാനുമൊക്കെയായി നമുക്കു മരങ്ങൾ മുറിക്കാതെ പറ്റില്ലല്ലോ. ഇത്തരം സന്ദർഭങ്ങളിൽ നമ്മുടെ സമീപനം എന്തായിരിക്കണം? കത്തിലെ സൂചനകൾ പ്രയോജനപ്പെടുത്തി ക്ലാസിൽ ചർച്ചചെയ്യൂ. കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു ചുവർപത്രിക തയാറാക്കാം.

അയിനിമരം ഇല്ലാതായതോടെ ആകാശത്തിൽ ഒരു വിടവുണ്ടായി. പ്രകൃതിയിലെ ജീവജാലങ്ങൾക്കിടയിലുള്ള ഒരു കണ്ണി അറ്റുപോയതിന്റെ വിടവായിരുന്നോ അത്?

# ഹരിതം



ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി
ഇലയൊന്നു കൊഴിയാതെയിപ്പൊഴും ബാക്കിയുണ്ടെ-
ന്നൊരു ചില്ല കാറ്റിനോടോതി

ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ-
ന്നൊരു മരം പക്ഷിയോടോതി
ഒരു മരം വെട്ടാതെയൊരു കോണിൽ കാണുമെ-
ന്നൊരു കാട് ഭൂമിയോടോതി

ഒരു കാടു ഭൂമിയിൽ ബാക്കിയുണ്ടെന്നൊരു
മല സ്വന്തം സൂര്യനോടോതി
ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി

അതുകേട്ടു ഭൂമിതൻ പീഡിതരൊക്കെയും
പുലരിയോടൊപ്പമുണർന്നു.
അവരുണർന്നപ്പൊഴേ പുഴകൾ പാടി, വീണ്ടും
തളിരിട്ടു കരുണയും കാടും

പുതുസൂര്യൻ മഞ്ഞിന്റെ തംബുരു മീട്ടി, ഹാ,
പുതുതായി വാക്കും മനസ്സും.
ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി

*ഗസലുകൾ ഗീതങ്ങൾ* — *സച്ചിദാനന്ദൻ*

- ഈ കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കൂ.
- ഇണക്കമാണ് ലോകജീവിതത്തിന്റെ കാതൽ- 'ഹരിതം' എന്ന കവിത വിശകലനംചെയ്ത് ആസ്വാദനക്കുറിപ്പ് തയാറാക്കുക.
- ''എല്ലാം നശിച്ചുപോയിട്ടില്ല, പോവില്ല. വല്ലതും ശേഷിക്കും''- ഈ പ്രതീക്ഷയും വിശ്വാസവും 'ഹരിതം' എന്ന കവിതയിലെ ആശയങ്ങളുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? ചർച്ചചെയ്യുക. താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കാം.

പ്രകൃതിയുടെ സൗന്ദര്യം കാത്തുസൂക്ഷിക്കുന്നതിൽ


ഋതുക്കൾക്കു പങ്കുണ്ടോ?

# ഉപവസന്തം

ഋതുക്കളെക്കുറിച്ച് ഒരഭിപ്രായം കേട്ടിട്ടുണ്ട്. ഉത്തരേന്ത്യയിൽ, അവ കിറുകൃത്യമായി, ഈരണ്ടുമാസം ചേർന്ന ആറെണ്ണമായി അളന്നുമുറിച്ചിട്ടിരിക്കുകയാണെന്ന്: ചൈത്രവും വൈശാഖവും ചേർന്ന വസന്തം, ജ്യേഷ്ഠവും ആഷാഢവും ചേർന്ന ഗ്രീഷ്മം എന്നിങ്ങനെ. തെക്കേ ഇന്ത്യയിലാവട്ടെ, രണ്ട് ഋതുക്കളേയുള്ളൂ എന്നു പറയാറുണ്ട് – ഉഷ്ണകാലവും അത്യുഷ്ണകാലവും.

നമുക്ക് ഒരേ ഋതുതന്നെ ഒരേ വർഷത്തിൽ രണ്ടില്ലേ? രണ്ടു മഴക്കാലങ്ങൾ? ഇടവപ്പാതിയും തുലാവർഷവും. വേനലും രണ്ടില്ലേ? മേടച്ചൂടും കന്നിവറവും. മഞ്ഞ് ഒന്നേയുള്ളൂ- മഞ്ഞ് ഇല്ലാത്തതും തണുപ്പ് ഉള്ളതുമായ ധനുവും മകരവും. വൃശ്ചികമാസവും തണുപ്പിന്റെ അവകാശിതന്നെ. വസന്തമോ?

അവ രണ്ടില്ലേ? അതു മഞ്ഞും വേനലുമായി ഇടകലർന്നു കിടക്കുകയല്ലേ? ധനു-മകരമാകുമ്പോഴേക്കു മാവുകളും പറങ്കിമാവുകളും പൂവിട്ടുതുടങ്ങും. കുംഭം, മീനം എന്നീ മാസങ്ങളിലേക്ക് അതു കവർന്നുകടക്കും. മീനം അവസാനം മേടം, ഇടവം, മിഥുനം എന്നിങ്ങനെ മാമ്പഴങ്ങളുടെയും ചക്കയുടെയും കാലം നീണ്ടുകിടക്കും. ഇക്കൊല്ലം മിഥുനത്തിലാണ് ചക്ക ഏറെ കാണുന്നത്. അപൂർവം മാങ്ങയും ഉണ്ട്. മഴ പെയ്യുന്നെങ്കിലും ഇടവവും മിഥുനവും വേനലിന്റെ കാലമാണ്. ഇതു വേനൽക്കാലവർഷമാണ്. തങ്കത്താലികൾകൊണ്ടു മേനി മുഴുവനും കണിക്കൊന്ന മൂടുന്നതോടുകൂടെയാണോ മീനാവസാനവും മേടാരംഭവും കുറിക്കുന്ന കാലത്ത് ഔപചാരികമായ പൂക്കാലം ഉദ്ഘാടനം ചെയ്യപ്പെടുന്നത്? വാകമരങ്ങൾ ഗ്രീഷ്മത്തിൽ പൂക്കും എന്നുള്ള കവിവചനമനുസരിച്ചാവണം, നമ്മുടെ വേനൽക്കാലമായ മേടം മുതൽ ഇടവം വരെ അവ തകർത്തുവച്ചു പൂക്കുന്നു. ഇടവത്തിലെ മഴയിൽ അവയുടെ പൂക്കൾ നിലംപറ്റിക്കിടക്കുന്ന കാഴ്ച ദയനീയമാണ്. മുള്ളുമുരിക്കും പ്ലാശും മീനംമേടങ്ങളിൽ പൂക്കുന്നു. ധനു-മകരം മാസങ്ങളിലല്ലേ ''പാലപൂത്തു പരിമളം ചുമന്നെങ്ങും ശുദ്ധ കുളിർവായു'' പരക്കുന്നത്? മത്തുപിടിപ്പിക്കുന്ന മണമാണ്, കണ്ണഞ്ചിപ്പിക്കുന്ന നിറപ്പകിട്ടല്ല, അതിനെ അനുഗ്രഹിച്ചിരിക്കുന്നത്. പാവം പ്ലാവ്, അതു പൂക്കുന്നത് 'മാളോർ' അറിയില്ല. എന്നാൽ ചക്ക പിടിച്ചാൽ ലോകം എല്ലാം അറിയും. ചക്ക പഴുത്താൽ പാലപ്പൂവിന്റെ മണവും കീഴ്വഴങ്ങണം.



നമ്മുടെ പൊന്നിൻചിങ്ങമാസം ഏത് ഋതുവാണ്? പെരുമാരിയിൽ മുങ്ങിമാഴ്കിടുന്ന ഭൂമിക്ക് അത്, ശരത് ആണ്. കഴുകിത്തുടച്ച ആകാശവും കലങ്ങിയ വെള്ളം കുത്തിയൊലിച്ച് തെളിഞ്ഞു നിറഞ്ഞതായിത്തീർന്ന നദികളും ഇടവപ്പാതിയുടെ തേയ്പും പിഴിച്ചിലും കഴിഞ്ഞ് വർധിത ഓജസ്സുകളായ വൃക്ഷലതാദികളും ചിങ്ങത്തിനു പ്രത്യേക കുളിർമയും ഭംഗിയും നൽകുന്നു; മറ്റേതു മാസത്തെക്കാളും. കന്നിക്കൊയ്ത്തിന്റെ പാടങ്ങൾ തങ്കക്കതിരുകൾ തിങ്ങിനിറഞ്ഞ് സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്നുണ്ടാവും. കർക്കിടകക്കൊയ്ത്തു കഴിഞ്ഞേടത്ത്, പുതിയതായി നട്ട നെൽച്ചെടികൾ കരിനാമ്പേറ്റ് പുതിയതായി കിട്ടിയ ചൈതന്യവും ജീവനും കൊണ്ട് മരതകപ്രഭ പ്രസരിപ്പിച്ചുകൊണ്ടാവും പ്രഭാതങ്ങളെ സ്വാഗതം ചെയ്യുന്നത്.

എന്നാൽ, ഈ ചിങ്ങം ശരത് മാത്രമാണോ? അതൊരു ചെറിയ വസന്തഋതുകൂടെയല്ലേ? ഒരു ഉപവസന്തം? കവിസങ്കൽപ്പത്തിൽ ഓരോ ഋതുവിലും കടന്നു പുഷ്പിക്കുന്ന ഓരോന്നുണ്ട്. ഗ്രീഷ്മത്തിൽ വാകയും വർഷത്തിൽ കടമ്പും ശരത്തിൽ താമരയും ഹേമന്തത്തിൽ മുല്ലയും ശിശിരത്തിൽ പാച്ചോറ്റിയും. ചിങ്ങത്തിന്റെ ശരത്കാലത്ത് പൂക്കുന്നതു താമര മാത്രമല്ല. താമര നമ്മുടെ ഹേമന്തത്തിലും വസന്തത്തിലും ഗ്രീഷ്മത്തിലും പൂക്കും. ചിങ്ങത്തെ വസന്തമാക്കാൻ, എല്ലാ ഋതുക്കളെയും വസന്തമാക്കുന്ന ചെമ്പരുത്തിയും തെച്ചിയും മന്ദാരവും കൊങ്ങിണിപ്പൂവും ഉണ്ടായിരിക്കും. എന്നാൽ, കുയിൽ കൂവുന്ന നമ്മുടെ വസന്തത്തിൽ– മീനച്ചൂടിൽ– കരിഞ്ഞുപോകുന്ന മുക്കുറ്റിയും തുമ്പയും ഓണത്തുമ്പയും അവയുടെ ചെറിയ ധാരാളിത്തത്തോടെ പൂക്കുന്നത് ഓണക്കാലത്താണ്. ഇടവപ്പാതി വിട്ടിട്ടുപോയ ഈർപ്പം ഇടമഴകൾ കൊണ്ടു നിലനിർത്തപ്പെടുന്ന ചിങ്ങത്തിലാണ് വളരാനും പൂക്കാനും അവയ്ക്ക് യോഗമുണ്ടാകുന്നത്. തുമ്പപ്പൂവിന്റെ വെണ്മ കണ്ടാവണം, അത് അമ്പിളിയോടൊപ്പം ജടയിൽ ചൂടാൻ ശിവൻ തിരഞ്ഞെടുത്തത്. ഓണത്തുമ്പയുടെ കടുകോളമുള്ള പൂവ് സൂക്ഷിച്ചുനോക്കിയാലേ കാണൂ– നോക്കിയാൽ കാണുന്നതോ, വെള്ളിനക്ഷത്രങ്ങളെയായിരിക്കും. തങ്കദീപങ്ങൾകൊണ്ടുള്ള ലക്ഷദ്വീപം മുക്കുറ്റി ആഘോഷിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? എന്റെ മനസ്സിൽ, അതിൽ ഒരു ലക്ഷദ്വീപോത്സവം നിറഞ്ഞുനിൽക്കുന്നു. കോഴിക്കോട്, പന്നിയങ്കര ഭഗവതി ക്ഷേത്രത്തിലേക്കു പോകുംവഴിയിലുള്ള പറമ്പുകളിലൊന്നിന്റെ പാർശ്വത്തിലായി, ഒറ്റയിഴയിട്ടു കത്തിച്ച ചെറിയ ദീപനാളങ്ങൾ കനകപ്രഭ ചിന്നിച്ചുനിന്നതു മറക്കാനാവാത്ത മനോഹരമായ കാഴ്ചയാണ്. മറക്കാൻ കഴിയാത്തതിനു മറ്റൊരു കാരണം കൂടിയുണ്ട്– ഓണത്തിനു മഹാബലിയെ സ്വാഗതം ചെയ്യുന്നതിന് എല്ലായിടവുമുള്ള പുല്ലുകൾ ചെത്തിവാരി മോടിപിടിപ്പിക്കുന്നവരുണ്ട്. തുമ്പയുടെ സർവസംഹാരിയായ വരവ് അറിയാതെയാണ് ആ പാവങ്ങൾ അങ്ങനെ അണിഞ്ഞുനിന്നിരുന്നത്. എനിക്കതു തടുക്കാൻ കഴിയുമോ? ശുദ്ധഭ്രാന്തനെന്ന് എന്നെ വിധിക്കില്ലേ? ഭംഗിപിടിപ്പിക്കലിൽ നാം എത്ര ഭംഗികൾ നശിപ്പിക്കുന്നു!

ഗ്രാമങ്ങളിൽ ഓണത്തുമ്പിതുള്ളുന്ന കന്യകമാരും നാട്ടിൻപുറത്തു കടുവാകെട്ടുന്ന കിശോരന്മാരും ഓണത്തുമ്പയെയാണ് ആശ്രയിക്കുന്നത്. അതിന് ആകക്കൂടെ ഹൃദ്യമായ ഒരു സുഗന്ധവുമുണ്ട്.

പൂവിളിയുമായി അത്തപ്പൂവിടാൻ പൂക്കൾ ശേഖരിക്കുന്ന നിഷ്കാമന്മാരായ ചെറിയ കാമദേവന്മാരുണ്ടല്ലോ– ആ കിശോരന്മാർ സസൂക്ഷ്മം നുള്ളിയെടുക്കുന്നത് മുക്കുറ്റിയുടെയും തുമ്പയുടെയും പൂക്കളാണ്. ഓണത്തുമ്പയുടെ പൂവ് അവരുടെ ചെറിയ വിരലുകൾക്കു പോലും നുള്ളിയെടുക്കാൻ കഴിയില്ല.

ഓണം ഈ എളിയ ചെടികളുടെയും പുല്ലുകളുടെയും വസന്താഘോഷം കൂടെയല്ലേ? നമ്മുടെ 'ഉപവസന്ത'മാണ് അത്.

*എന്റെ മനോരാജ്യങ്ങൾ* — *എ.പി. ഉദയഭാനു*

- ലേഖനത്തിൽ മീനമാസത്തെ അവതരിപ്പിച്ചിരിക്കുന്നതു നോക്കുക – 'കണിക്കൊന്ന തങ്കത്താലികൾകൊണ്ട് മേനിമുഴുവനും മൂടുന്ന മീനമാസം.'

  പുലരിയെ അവതരിപ്പിച്ചിരിക്കുന്ന ഒരു കാവ്യഭാഗമിതാ:

  'എണ്ണനിറച്ചൊരു കിണ്ണവുമായി
  തോർത്തുമുടുത്ത് കുളിക്കാനെത്തിയ പുലരി' (കടമ്മനിട്ട)

  ഈ അവതരണങ്ങൾ മനോഹരമായിത്തീരുന്നത് എങ്ങനെയാണെന്നു ചർച്ചചെയ്യൂ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കാം.

- പാഠഭാഗത്തു വസന്തകാലത്തെ അവതരിപ്പിച്ചതു വായിച്ചല്ലോ. വർണന നിങ്ങൾക്കിഷ്ടമായോ? ഇഷ്ടപ്പെടാനുള്ള കാരണം കൂട്ടുകാരുമായി ചർച്ചചെയ്യൂ. ഏതെങ്കിലും ഒരു ഋതുവിനെക്കുറിച്ച് വർണന തയാറാക്കുക.

- ഭംഗിപിടിപ്പിക്കാൻ വേണ്ടി നാം ഏറെ ഭംഗികൾ നശിപ്പിക്കുന്നു- ഈ കാര്യം ലേഖനത്തിൽ പറഞ്ഞിരിക്കുന്ന രീതി ശ്രദ്ധിക്കൂ:'' ഭംഗിപിടിപ്പിക്കലിൽ നാം എത്ര ഭംഗികൾ നശിപ്പിക്കുന്നു!''

  ഇങ്ങനെ പറഞ്ഞതുകൊണ്ട് എന്തെല്ലാം മെച്ചങ്ങളാണു ലഭിക്കുന്നത്? ചർച്ചചെയ്യൂ.

- ഭംഗിപിടിപ്പിക്കലിനുവേണ്ടി നാം ഏറെ ഭംഗികൾ നശിപ്പിക്കുന്നുണ്ടോ? പാഠഭാഗത്തെ ആശയങ്ങളുമായി ബന്ധിപ്പിച്ച് നിങ്ങളുടെ അഭിപ്രായം എഴുതൂ. ഇത്തരത്തിൽ നശിപ്പിക്കപ്പെട്ട ഒരു തുമ്പപ്പൂവിന്റെ ആത്മഗതം എന്തൊക്കെയാവാം- ഡയറിക്കുറിപ്പ് തയാറാക്കൂ.

പ്രകൃതിയെ സുന്ദരമാക്കുന്നത് ഋതുക്കൾ മാത്രമാണോ?

ഓരോ ജീവിക്കും അതിന്റേതായ പങ്കുവഹിക്കാനില്ലേ?

# ഒരരിപ്പിറാവ്

**പു**ലർകാലമെനിക്കു പുണ്യമിന്നു-
ജ്ജ്വലതേജസ്സെഴുമോമനപ്പിറാവേ!
ഉലകിൽ പ്രിയദർശനൻ ഭവാനെൻ
നിലയോപാന്തമലങ്കരിച്ചുവല്ലോ!

ചിറകിന്റെ ചിതപ്പെടുന്ന നാനാ-
നിറവും തുണ്ഡപദങ്ങൾതൻ തുടുപ്പും
പറവാൻ പണി, ഗാത്രസൗഭഗം തേ
പറവച്ചാർത്തിനു മാനഹേതു പാരം.

ഇരുകണ്ണിതു, കുങ്കുമദ്രവത്താൽ
നറുതേൻവാണികൾ തൊട്ട പൊട്ടുപോലെ;
ചുരുളിപ്പൊഴുതേ വിടുർത്ത വാഴ-
ച്ചെറുകൂമ്പിൻപടി കോമളം തവാംഗം.

*　*　*　*　*



അരി ഞാൻ വിതറിത്തരാം നിനക്കെ;-
ന്നരികത്തേക്കണകെന്നരിപ്പിറാവേ!
ശരിയായ് മമ മന്ദിരാഗതൻ നീ-
യരിമപ്പെട്ട വിരുന്നുകാരനത്രേ.

* * * * *

നരർ മേന്മ നടിച്ചു ജന്തുഹിംസാ-
കരമാം ജീവിതസംഗരം മുതിർക്കേ,
പരപീഡ പെടാതെ നാൾകഴിപ്പൂ,
ചിരമിസ്സാധുഖഗങ്ങൾ ശാന്തവൃത്ത്യാ.

ധരതൻ ദയകൊണ്ടു വല്ലതും തെ-
ല്ലിര കിട്ടീടിലിതിന്നു തൃപ്തിയായി;
മരണംവരെയും മനുഷ്യനുണ്ടോ
ദുര മാറുന്നു, സുഖോപഭുക്തിയിങ്കൽ?

* * * * *

മഴവില്ലു പിഴിഞ്ഞെടുത്ത സത്താ-
മഴകേ, മന്ദമകന്നകന്നുപോയ് നീ
അഴലിങ്ങരുളായ്ക സൗകുമാര്യ-
പ്പുഴതൻ കൊച്ചുതരംഗമേ, പിറാവേ!

ഭുവി കൊക്കുകൾകൊണ്ടു കൊത്തിയും, തൻ
പവിഴച്ചെങ്കഴൽ മെല്ലെമെല്ലെ വെച്ചും
സവിലാസമിവന്റെ കൺകുളിർപ്പി-
ച്ചിവിടെത്തെല്ലിടകൂടി ലാത്തണേ നീ.

*സാഹിത്യമഞ്ജരി - ഒന്നാംഭാഗം* *വള്ളത്തോൾ നാരായണമേനോൻ*

- കവിതയിൽ നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ട വരികൾ ഏതൊക്കെ? എന്തുകൊണ്ട്?
- ''ഇരുകണ്ണിതു കുങ്കുമദ്രവത്താൽ
  നറുതേൻവാണികൾ തൊട്ട പൊട്ടുപോലെ''

  ഇവിടെ പ്രാവിന്റെ കണ്ണും സുന്ദരികൾ തൊട്ട പൊട്ടും ഒരുപോലെയാണെന്നു പറഞ്ഞിരിക്കുന്നത് ഏതു ഗുണത്തിന്റെ അടിസ്ഥാനത്തിലാണ്?

  പ്രാവിന്റെ സൗന്ദര്യം വർണിക്കാൻ ഇതുപോലുള്ള വരികൾ എത്രമാത്രം സഹായകമായിട്ടുണ്ട്? കണ്ടെത്തി ആസ്വാദനം തയാറാക്കൂ.
- പറവകളുടെ ചാർത്ത് (പറവകളുടെ കൂട്ടം) എന്നതിനു പകരം രണ്ടു പദങ്ങൾ കൂട്ടിച്ചേർത്ത് 'പറവച്ചാർത്ത്' എന്നു പ്രയോഗിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ പദങ്ങൾ കൂട്ടിച്ചേർത്ത് ഉപയോഗിക്കുന്നത് കവിതയുടെ താളത്തിനും ഭാവത്തിനും ഭംഗി നൽകുന്നുണ്ടോ? ഇതുപോലുള്ള കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി നിങ്ങളുടെ അഭിപ്രായം അവതരിപ്പിക്കുക.

- സ്വന്തം ജീവിതം കൊണ്ടു പ്രകൃതിയിലെ വസ്തുക്കളുടെ ഇണക്കവും ഭംഗിയും നില നിർത്തുന്നതിൽ പങ്കുവഹിക്കുന്നവരാണ് പക്ഷികൾ. അരിപ്രാവിന്റെ ഉദാഹരണത്തി ലൂടെ കവി അതാണല്ലോ പറയുന്നത്. എന്നാൽ, മനുഷ്യന്റെ ചെയ്തികൾ ഇതിനു നേർ വിപരീതമാണെന്നും കവി പറയുന്നു. സമാനാശയം വരുന്ന വരികൾ ഈ കവിതയിൽ നിന്നും മറ്റു കവിതകളിൽനിന്നും കണ്ടെത്തി വിശകലനം ചെയ്യുക.

- ''അരി ഞാൻ വിതറിത്തരാം നിനക്കെ;-
  ന്നരികത്തേക്കണകെന്നരിപ്പിറാവേ!
  ശരിയായ് മമ മന്ദിരാഗതൻ നീ-
  യരിമപ്പെട്ട വിരുന്നുകാരനത്രേ.''

  കവിതയിലെ ഓരോ വരിയിലെയും രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നത് കവിത നന്നായി ചൊല്ലുന്നതിനെ സഹായിക്കുന്നുണ്ടോ? എങ്ങനെ? ഇത് കവിതയ്ക്കു മറ്റേ തെങ്കിലും തരത്തിൽ ഭംഗി വർധിപ്പിക്കുന്നുണ്ടോ? ചർച്ചചെയ്യുക. മറ്റു കവിതകളിൽ നിന്ന് ഇത്തരം വരികൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

- ''മഴവില്ലു പിഴിഞ്ഞെടുത്ത സത്താ-മഴകേ''

  അരിപ്രാവിനെ കവി വർണിച്ചിരിക്കുന്നതു ശ്രദ്ധിച്ചല്ലോ. മഴവില്ലു പിഴിഞ്ഞെടുത്ത സത്ത് എന്ന പ്രയോഗം എങ്ങനെയാണിവിടെ ഉചിതമാവുന്നതെന്ന് ചർച്ചചെയ്യൂ. ഇത്തരം പ്രയോഗങ്ങൾ നമ്മുടെ നിത്യജീവിത സംഭാഷണത്തിൽ ഉപയോഗിക്കുന്നതു കേട്ടിട്ടുണ്ടോ? കൂടുതൽ ഉദാഹരണങ്ങൾ സിനിമാഗാനങ്ങൾ, കവിതകൾ എന്നിവയിൽ നിന്നു കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൂ.

- മറ്റെല്ലാ ജീവജാലങ്ങളുടെയും പ്രവർത്തനങ്ങൾ പ്രകൃതിയിലെ വസ്തുക്കൾക്ക് ഇണ ക്കവും ഭംഗിയും പൂർണതയും നൽകുന്നതാണ്. എന്നാൽ മനുഷ്യന്റെതോ? നാം മാറിച്ചിന്തിക്കേണ്ടതില്ലേ? ഈ ആശയം വെളിപ്പെടുത്തുന്ന ലഘുപ്രഭാഷണം തയാറാക്കൂ.



# നന്മയുടെ പൂമരങ്ങൾ

# 2


സായാഹ്നസൂര്യന്റെ ഇളംവെയിൽ. കടൽക്കരയിലൂടെ നടന്നുപോവുകയാണ് മുത്തച്ഛനും കൊച്ചുമകനും. വേലിയിറക്കമാണ്. നേരത്തേ തിരകൾ ഇരമ്പിയിരുന്ന കരയുടെ തൊട്ടടുത്ത ഭാഗത്തുനിന്നു വെള്ളം വാർന്നുപോയിട്ടുണ്ട്. ചിപ്പികൾക്കിടയിൽ ചെറിയ ജലജീവികളും ചില മത്സ്യങ്ങളും പിടഞ്ഞുതുള്ളുന്നു. വിദൂരതയിൽ നോക്കി മുത്തച്ഛൻ മുന്നോട്ടു നടന്നു. അൽപ്പം കഴിഞ്ഞ് ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ കുട്ടി അവിടെ എന്തോ ചെയ്യുകയാണ്. മുത്തച്ഛൻ വിളിച്ചുചോദിച്ചു:

"നീ അവിടെ എന്തു ചെയ്യുകയാ?"

"കരയ്ക്കടിഞ്ഞ മീനുകളെ കടലിലേക്കിടുന്നു."

"ഓ! ... നല്ല കാര്യായി. ഈ കര എത്ര നീണ്ടതാണെന്നറിയാമോ? അവിടെയുള്ള മത്സ്യങ്ങളെ മുഴുവൻ രക്ഷിക്കാൻ നിനക്കു കഴിയുമോ?"

- കുട്ടി എന്തു മറുപടിയാവും പറഞ്ഞിട്ടുണ്ടാവുക? ചർച്ചചെയ്യൂ.



മറ്റൊരു കഥയിലെ കുട്ടി എങ്ങനെയാണ്

ചിന്തിക്കുന്നത്?

# തൊപ്പി തുന്നുന്നവർ

മുറിനിറയെ പല വർണങ്ങളിലുള്ള തുണിക്കഷണങ്ങളും നൂലുകളും മുത്തുകളും ചിതറിക്കിടക്കുന്നു. ഒന്നും അടുക്കിവയ്ക്കാൻ അമ്മയ്ക്ക് സമയം കിട്ടിയില്ല. അടുക്കളയിൽ പാത്രങ്ങൾ കൂട്ടിമുട്ടുന്നതിന്റെയും അടുപ്പ് എരിക്കുന്നതിന്റെയും ശബ്ദമുണ്ട്. എമിൽ ഒരു ചെറിയ കൂടയെടുത്ത് എല്ലാം പെറുക്കിയിട്ടു. തങ്ങളെ പോറ്റാൻ വല്ലാതെ കഷ്ടപ്പെടുന്ന അമ്മയുടെ പ്രയാസങ്ങൾ എന്നാണ് അവസാനിക്കുന്നത്? താൻ വലുതായാൽ അമ്മയ്ക്ക് ഇങ്ങനെ കഷ്ടപ്പെടേണ്ടിവരില്ല.

പെട്ടെന്ന് അമ്മ അരികിലെത്തി. ''എമിൽ...'' അവൻ വിളികേട്ടു. അമ്മ തിരിഞ്ഞുനടന്ന് അലമാര തുറന്ന് എന്തോ എടുത്തു.

''കണ്ണടയ്ക്കൂ കുട്ടാ...''

''എന്തിനാ?'' അവൻ ചോദിച്ചു.



''പറയാം, എന്റെ കുട്ടൻ കണ്ണടയ്ക്കൂ''- അവൾ അവന്റെ മുഖം നോക്കിനിന്നു. നെറ്റിയിലേക്കു വാർന്നുവീണ ചുരുളൻ മുടിയിഴകൾ; പുഞ്ചിരിയുടെ തിരിനാളം തങ്ങിനിൽക്കുന്ന ചുണ്ടുകൾ. എമിലിന് അവന്റെ അച്ഛന്റെ അതേ ഛായയാണെന്ന് നൊമ്പരത്തോടെ അവളോർത്തു.

''ഇനി കൈനീട്ടൂ...''

അവൻ നനഞ്ഞ കുഞ്ഞിക്കൈകൾ നീട്ടി. അമ്മ എന്തോ അവന്റെ കൈകളിൽ വച്ചു. എമിൽ കണ്ണുതുറന്നു. ഒരു വർണത്തൊപ്പി! അവന്റെ മിഴികൾ വിടർന്നു. ചുവപ്പും കറുപ്പും സ്വർണവർണവും ചേർന്ന അസാധാരണമായ ഒരു സൗന്ദര്യം അതിനുണ്ട്. സ്വർണനിറത്തിലുള്ള അലുക്ക്; നെറുകയിൽ മരതകപ്പച്ച; തൂങ്ങിക്കിടക്കുന്ന പളുങ്കുമണികൾ.

അമ്പിളിയമ്മാവൻ വീണുതിളങ്ങുന്ന പുഴപോലെ അവന്റെ മുഖം തിളങ്ങി. അമ്മ ആ തൊപ്പിയെടുത്ത് അവന്റെ ശിരസ്സിൽ അണിയിച്ചു. ആ മുഖം തന്റെ കൈകളിലെടുത്തുകൊണ്ട് മന്ത്രിച്ചു: ''എന്റെ പൊന്നു രാജകുമാരൻ.''

എമിൽ കണ്ണാടി നോക്കി. തൊപ്പി നന്നായി ചേരുന്നുണ്ട്. അമ്മ എത്രയോ തൊപ്പികൾ തുന്നി

വിൽക്കാറുണ്ട്. ഒന്നു തനിക്കും കിട്ടുമെന്ന് സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല. അതൊരു നല്ല തൊപ്പിയാണെന്ന് ചേച്ചിയും ചേട്ടനും ഒട്ടൊരു അസൂയയോടെയാണു സമ്മതിച്ചത്. എമിലിനത് കൂട്ടുകാരെ കാണിക്കാൻ തിടുക്കമായി. അമ്മയോടു സമ്മതം വാങ്ങി അവൻ പുറത്തേക്കിറങ്ങി.

തൊപ്പി കൂട്ടുകാർക്കെല്ലാം വളരെ ഇഷ്ടപ്പെട്ടു. അവന്റെ അമ്മയുടെ അടുത്തുചെന്ന് തൊപ്പി തുന്നുന്നതു പഠിക്കണം ചിലർക്ക്. കൂട്ടുകാരെയും പിന്നിട്ട് തൊപ്പിയും തലയിൽ വച്ച് പാതയോരത്തുകൂടെ അവനങ്ങനെ നടന്നു. വെയിലിന്റെ ഇളംചൂട് അവന് ഇഷ്ടമായി. പുഴയോരത്തുകൂടെ നടക്കുമ്പോൾ ഉള്ളിൽ ഇതുവരെ അനുഭവിക്കാത്ത ഒരാനന്ദം നിറയുന്നത് അവനറിഞ്ഞു.

എതിരേ വന്ന വൃദ്ധകർഷകൻ അവന്റെ തൊപ്പിയിൽ അത്ഭുതത്തോടെ നോക്കി. അദ്ദേഹം അവനെ അഭിവാദ്യം ചെയ്തു. അവൻ തലകുനിച്ചു. കൊള്ളാം, അവനു തന്നെക്കുറിച്ച് മതിപ്പു തോന്നി. അൽപ്പംകൂടി, നടന്നപ്പോൾ ഒരു യുവാവ് അവനുനേരെ നടന്നുവന്നു. യുവാവിന്റെ അരയിൽ രാജമുദ്രപതിച്ച സ്വർണപ്പിടിയുള്ള കത്തിയുണ്ടായിരുന്നു. ധീരന്മാർക്കു ലഭിക്കുന്ന അപൂർവമായ ഒരംഗീകാരമാണതെന്ന് എമിലിനറിയാമായിരുന്നു. അടുത്തെത്തിയപ്പോൾ എമിലിന്റെ തൊപ്പിയിലേക്കു കൊതിയോടെ അവൻ നോക്കിനിന്നു. ''നിന്റെ തൊപ്പി എനിക്കു തരുകയാണെങ്കിൽ പകരം ഈ സ്വർണപ്പിടിയുള്ള കത്തി നിനക്ക് തരാം''– അയാൾ പറഞ്ഞു. ആ വാഗ്ദാനം ആരും ആഗ്രഹിച്ചുപോവും. പക്ഷേ, എമിൽ ക്ഷമചോദിക്കുകയാണു ചെയ്തത്. ''ഇതെന്റെ അമ്മ എനിക്കുവേണ്ടി മാത്രം തുന്നിയതാണ്''– അവൻ നടന്നു.


വഴിയോരത്തെ മരത്തണലിൽ നിൽക്കുന്ന ഒരു മുത്തശ്ശി അവനെ അരികിൽ വിളിച്ചു. ''മക്കളേ, നീ എവിടെനിന്നു വരുന്നു? എന്തു മനോഹരമാണ് നിന്റെ തൊപ്പി!'' അവൻ തലകുനിച്ചുകൊണ്ടു പറഞ്ഞു: ''നന്ദി മുത്തശ്ശീ...'' ''മകനേ, നീയൊരു കൊച്ചുരാജകുമാരൻ തന്നെ, നീ കൊട്ടാരത്തിൽ ചെല്ലണം. അവിടത്തെ നൃത്തപരിപാടിയിൽ പങ്കെടുക്കാൻ എല്ലാംകൊണ്ടും യോഗ്യത നിനക്കുണ്ട്''– മുത്തശ്ശി മോണകാട്ടി ചിരിച്ചു. എന്നാൽ കൊട്ടാരത്തിൽ ചെന്നിട്ടു തന്നെ കാര്യം. അവൻ കൂടുതൽ ഉത്സാഹത്തോടെ നടന്നു.

കൊട്ടാരത്തിന്റെ പടിവാതിൽക്കലെത്തി. വലിയ കമാനത്തിനു താഴെ ആനവാതിൽ അടഞ്ഞുകിടപ്പാണ്. ഇരുപുറവും വാളും കുന്തവുമായി ഭടന്മാരുണ്ട്. ആകാശം ചൂണ്ടിനിൽക്കുന്ന ഗോപുരങ്ങൾ. അകത്തുനിന്ന് വാദ്യോപകരണങ്ങളുടെ സംഗീതം ഉയരുന്നു.

''ആരാണ് നീ, എന്തുവേണം?'' ഭടന്മാർ അവനോടടുത്തു. അവരുടെ കണ്ണുകൾ അവന്റെ സുന്ദരമായ തൊപ്പിയിലായിരുന്നു. തൊപ്പിയൊന്നിളക്കി തല ഉയർത്തി ധൈര്യസമേതം അവൻ പറഞ്ഞു:

''ഞാൻ കൊട്ടാരത്തിലെ നൃത്തശാലയിലേക്കു വന്നതാണ്.'' അവർ അവനെ സശ്രദ്ധം നോക്കി. അവൻ ചിരിച്ചു. അവരുടെ സംശയം തീർന്നെന്നു തോന്നി. 'ഘർ...ഘർ' ശബ്ദത്തോടെ കൊട്ടാരവാതിൽ തുറക്കപ്പെട്ടു.

വെണ്ണക്കൽപ്പടവുകൾ ഓടിക്കയറി എമിൽ ഹാളിലേക്കു പ്രവേശിച്ചു. പല വർണങ്ങളിൽ തിളങ്ങുന്ന അലങ്കാരവിളക്കുകൾ. ഞൊറിയിട്ട ശീലകൾ ചാർത്തിയ ചില്ലുജാലകങ്ങൾ. ഒരറ്റത്ത് മുകളിലേക്കു കയറിപ്പോകുന്ന കോണിപ്പടികൾ. അവൻ ധൃതിയിൽ മുകളിലേക്കു കയറി.



ആകർഷകമായി വസ്ത്രം ധരിച്ചവരുടെ ചെറുസംഘങ്ങളാണവിടെ. വൃത്താകൃതിയിലുള്ള മനോഹരമായ മേശകൾക്കു മുകളിൽ സ്ഫടികജാറുകൾ, ചഷകങ്ങൾ. ഒരറ്റത്തെ രംഗവേദിയിൽ ചെറുനൃത്തസംഘം ഉണ്ടായിരുന്നു. ഒറ്റപ്പെട്ട ഒരു മേശയ്ക്കരികിൽ അവനിരുന്നു. പലരും തന്നെ കൗതുകപൂർവം നോക്കുന്നുണ്ടെന്ന് അവനു മനസ്സിലായി. മുറിയുടെ നടുവിൽ പുഞ്ചിരിച്ചുകൊണ്ട് എല്ലാവരോടും കുശലം പറയുന്ന അതീവസുന്ദരിയായ ഒരു പെൺകുട്ടി അടിവച്ചടിവച്ചു വന്ന് അവന്റെ കൈപിടിച്ചു.

അവൾ ഒരു ചഷകത്തിൽ അവന് മധുരപാനീയം പകർന്നു. വെള്ളിത്തളികയിൽ കേക്കുകളും പലതരം പഴങ്ങളും നിറഞ്ഞു. അവൻ തിന്നുന്നത് നോക്കിക്കൊണ്ട് അവൾ ചോദിച്ചു:

''ഈ മനോഹരമായ തൊപ്പി എവിടെനിന്നു കിട്ടി?''

''ഇതെന്റെ അമ്മ തുന്നിത്തന്നതാ...''

''ഈ തൊപ്പി എനിക്ക് തരുമോ?''

അവനൊന്നു നടുങ്ങി. പാനപാത്രം മേശപ്പുറത്തു വച്ചു. അവൾ പോക്കറ്റിൽനിന്ന് ഒരു തൂവാല പുറത്തെടുത്തു; കുഞ്ഞുരത്നങ്ങളും മുത്തുകളും തുന്നിപ്പിടിപ്പിച്ച, കാഞ്ചനനൂലുകൾകൊണ്ടു നെയ്ത തൂവാല. അത് അവൾ അവന്റെ കഴുത്തിലണിയിച്ചു. വിലപിടിപ്പുള്ള രത്നമോതിരം അവന്റെ വിരലിൽ ചാർത്തി. അവൾ വീണ്ടും ചോദിച്ചു:

''ഈ തൊപ്പി എനിക്ക് തരില്ലേ?''

അവൻ ഒന്നും മിണ്ടിയില്ല. എല്ലാം കണ്ടുനിൽക്കുകയായിരുന്ന രാജാവ് അരികിലേക്കു വന്നു. അദ്ദേഹം തന്റെ വിശിഷ്ടമായ കനകകിരീടം ഊരിയെടുത്ത് അവനു നേരെ നീട്ടി. അവനാകെ പരിഭ്രമിച്ചു. എന്തുചെയ്യണം? കൊടുക്കാതിരുന്നാൽ.... അമ്മയുടെ വിഷാദം കലർന്ന മുഖം അവനോർമ വന്നു.

മറ്റൊന്നും ചിന്തിക്കാതെ അവൻ ഇറങ്ങി ഓടാൻ തുടങ്ങി. എല്ലാവരും അവനെ വിളിക്കുന്നുണ്ടായിരുന്നു. ഭടന്മാർ എന്തുചെയ്യണമെന്നറിയാതെ കുഴങ്ങി. രാജാവ് പുഞ്ചിരിച്ചു; അവനെ പിടിക്കാനോടാൻ തുടങ്ങിയ ഭടന്മാരെ തടഞ്ഞു. അവൻ ഓടിപ്പോകുന്നത് അദ്ദേഹം മട്ടുപ്പാവിൽനിന്നു നോക്കിനിന്നു. രാജകുമാരി അണിയിച്ച തൂവാല പറന്നുവീണു; മോതിരം ഊരിത്തെറിച്ചു വീണു. അവനതൊന്നും ശ്രദ്ധിച്ചില്ല.

തൊപ്പി തലയിൽ അമർത്തിപ്പിടിച്ച് തുറന്നുവച്ച വാതിലിലൂടെ, പുഴയോരത്തൂടെ, സന്ധ്യയിലൂടെ അവൻ ഓടി. കിതച്ചു പാഞ്ഞുവരുന്ന മകനെ കണ്ട് അമ്മയ്ക്കു പരിഭ്രമമായി.

''എന്തുപറ്റി മോനേ?''

ചേച്ചിയും ചേട്ടനുമെല്ലാം ഇറങ്ങിവന്നു. ഒട്ടൊന്ന് കിതപ്പുമാറിയപ്പോൾ അവൻ നടന്നതെല്ലാം വിവരിച്ചു. സന്ധ്യാതാരകം പോലെ ആ അമ്മയുടെ കണ്ണുകൾ മങ്ങുകയും തെളിയുകയും ചെയ്തുകൊണ്ടിരുന്നു. അവൻ പറഞ്ഞുനിർത്തിയതും ചേട്ടൻ പറഞ്ഞു:


''കഷ്ടം! രാജാവ് എന്തുവേണമെങ്കിലും തരുമായിരുന്നു. നമ്മുടെ കഷ്ടപ്പാടെല്ലാം തീരുമായിരുന്നു. നീ ഇത്ര മടയനായിപ്പോയല്ലോ.'' അവൻ വിതുമ്പി: ''ഇത് എന്റെ അമ്മ തുന്നിത്തന്ന തൊപ്പിയാണ്. ഞാനിതാർക്കും കൊടുക്കില്ല.''

അമ്മ മകനെ ചേർത്തുപിടിച്ചു. അവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഒരു പുഴ ഒഴുകാൻ തുടങ്ങി.

*(നാടോടിക്കഥ)*

- വ്യത്യസ്ത സന്ദർഭങ്ങളിൽ എമിൽ സ്വീകരിച്ച നിലപാടുകൾ വായിച്ചല്ലോ. അവന്റെ സ്ഥാനത്തു നിങ്ങളായിരുന്നെങ്കിൽ എങ്ങനെയാവും പെരുമാറുക? അതിന്റെ കാരണവും എഴുതൂ.
- നിങ്ങൾക്ക് ഈ കഥയിൽ ആരെയാണ് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത്? എന്തുകൊണ്ട്? ചർച്ചചെയ്യൂ. തുടർന്ന് ഈ കഥ മറ്റുള്ളവരെ വായിക്കാൻ പ്രേരിപ്പിക്കും വിധം ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കൂ.
- 'മെല്ലെ നടന്നുവന്നു' എന്നതിനു പകരം 'അടിവച്ചടിവച്ചു വന്നു' എന്നു പ്രയോഗിച്ചതു ശ്രദ്ധിച്ചില്ലേ. ഇതുകൊണ്ട് ആ വാക്യത്തിന് എന്തു ഗുണമാണുണ്ടായിട്ടുള്ളത്? ചർച്ചചെയ്യൂ. ഇതുപോലുള്ള പ്രയോഗങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി അതിന്റെ പ്രയോജനം എഴുതൂ. ക്ലാസിൽ ചർച്ചചെയ്യൂ.
- സ്വർണം എന്ന അർഥം വരുന്ന ഏതെല്ലാം പദങ്ങൾ പാഠഭാഗത്തുണ്ടെന്നു കണ്ടെത്തൂ. ഇതുപോലെ ഒരേ അർഥം വരുന്ന വ്യത്യസ്ത പദങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കൂ.
- ''അവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഒരു പുഴ ഒഴുകാൻ തുടങ്ങി''- ഹൃദയം, പുഴ, ഒഴുക്ക് തുടങ്ങിയ പദങ്ങൾ നൽകുന്ന സൂചനകൾ എന്തെല്ലാം? കണ്ടെത്തിയ സൂചനകളുടെ അടിസ്ഥാനത്തിൽ വാക്യത്തിന്റെ ആശയം വിശദമാക്കൂ.

# കുരിശിൽ



അത്യന്തതമസ്സിൽപ്പെട്ടുഴലും ലോകത്തിന്നു
സത്യത്തിൻ പ്രഭാപൂരം കാട്ടിയെന്നതിനാലേ

മുൾക്കിരീടവും ചാർത്തിയങ്ങു വിശ്രമംകൊൾവൂ
മൂർഖമാം നിയമത്തിൻ നാരാചമുനകളിൽ!

ആ ഹന്ത! കുരിശിൽത്തൻ പൂവൽമെയ് തറയ്ക്കപ്പെ-
ട്ടാകുലാത്മാവായ്ക്കിടക്കുന്നൊരീ സമയത്തും

സ്നേഹശീലനാം ഭവാനീശനോടപേക്ഷിക്കു-
ന്നീക്കടുംകൈ ചെയ്തോർക്കു മാപ്പുനൽകുവാൻ മാത്രം!

ദേവ, നിൻ മുറിവിൽനിന്നിറ്റിറ്റു വീഴുന്നൊരീ
ജീവരക്തത്തിൻ തപ്തമാമോരോ കണികയും

കാരുണീരസം നിറഞ്ഞീ സർവംസഹയിങ്കൽ
ചാരുചെമ്പനീർപ്പൂവായുൽഫുല്ലമാകും നാളെ.

കാന്തിചൂഴുമാ ത്യാഗസൂനങ്ങൾ വാടാതെന്നും
ശാന്തിസൗരഭം വീശും ഭൂവിലും സ്വർഗത്തിലും.

*പ്രസാദം* *എം.പി. അപ്പൻ*

- തന്നെ കുരിശിൽ തറച്ചവർക്കുപോലും മാപ്പുനൽകാൻ ഈശ്വരനോട് അപേക്ഷിക്കുന്ന യേശുവിന്റെ സമീപനത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? ഇത്തരം ആളുകൾ ഇപ്പോഴും സമൂഹത്തിലുണ്ടോ? നിങ്ങളുടെ അഭിപ്രായം എഴുതുക.
- അന്യർക്കുവേണ്ടി കഠിനമായ കഷ്ടപ്പാടുകൾ അനുഭവിച്ച മറ്റു മഹാന്മാരെക്കുറിച്ചും മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ. അവരിൽ ഒരാളുടെ മഹത്തായ ത്യാഗം വെളിപ്പെടുത്തുന്ന കഥ എഴുതൂ. ഇങ്ങനെയൊരാളെക്കുറിച്ചുള്ള പ്രസിദ്ധമായ കഥ സ്വന്തം ശൈലിയിൽ മാറ്റിയെഴുതിയാലും മതിയാകും.
- ഈ കവിതയുടെ താളത്തിൽ ചൊല്ലാൻ കഴിയുന്ന ഏതാനും കാവ്യഭാഗങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

  മാതൃക : തോളത്തു കനംതൂങ്ങും വണ്ടിതൻ തണ്ടും പേറി
  കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുന്നു.

- ‘‘ദേവ, നിൻ മുറിവിൽനിന്നിറ്റിറ്റു വീഴുന്നൊരീ
  ജീവരക്തത്തിൻ തപ്തമാമോരോ കണികയും
  കാരുണീരസം നിറഞ്ഞീ സർവംസഹയിങ്കൽ
  ചാരുചെമ്പനീർപ്പൂവായുൽഫുല്ലമാകും നാളെ’’

  – കാരുണീരസം നിറഞ്ഞ ചെമ്പനീർപ്പൂവുകൾ വിടർന്നുവരേണ്ടതു നമ്മളുടെയെല്ലാം പ്രവർത്തനങ്ങളിലൂടെയല്ലേ. അതിനായി സമൂഹത്തെ സജ്ജമാക്കാൻ സഹായകമായ ഒരു പ്രഭാഷണം തയാറാക്കാം.

# നന്മയുടെ കടലാസ്



**അ** തിരുകളിൽ തണൽമരങ്ങൾ നിറഞ്ഞ മൈതാനത്തിൽ പൂത്തുമ്പികൾ പോലെ പാറിക്കളിക്കുന്ന കുട്ടികളുടെ അടുത്തേക്ക് നന്ദിനിടീച്ചർ ചെന്നു. യൂജിൻ ആവേശപൂർവം കാലിൽ പന്തുമായി കൂട്ടുകാരെ വെട്ടിച്ചു നീങ്ങുകയാണ്. എതിരാളികൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നതിനു മുമ്പ് അവൻ ഗോളടിച്ചു. മൈതാനം നിറയെ ആരവമുയർന്നു. ടീമിലെ മറ്റു കൂട്ടുകാർ അവനെ വാരിപ്പുണർന്നു.

യൂജിൻ മൂന്നിൽ പഠിക്കുമ്പോൾ തന്റെ ക്ലാസിലായിരുന്നെന്ന് ടീച്ചർ ഓർത്തു. ആ ക്ലാസിലെ മുപ്പത്തിനാലുപേരും പടക്കങ്ങളാണ്! അവയിലെ പെരുംപടക്കമാണ് യൂജിൻ. അവന്റെ കണ്ണുകൾക്ക് ഒരു വല്ലാത്ത നക്ഷത്രശോഭയാണ്. പറയാൻ വന്നാൽ വാക്കുകൾ പേമാരിപോലെയാണ്. ചിലപ്പോളത് എല്ലാ അതിരുകളും ലംഘിക്കും. പക്ഷേ, ആ വിനയം കാണുമ്പോൾ ടീച്ചർക്ക് ഒന്നും പറയാൻ തോന്നില്ല. ഓരോ കാര്യത്തിലും അവനെ ഗുണദോഷിക്കുമ്പോൾ കണ്ണുകൾ നിറച്ചുകൊണ്ടവൻ പറയും:

''എന്റെ തെറ്റുകൾ ചൂണ്ടിക്കാണിച്ചതിന് നന്ദിയുണ്ട് ടീച്ചർ.''

ചുരുങ്ങിയ കാലത്തെ അധ്യാപനപരിചയത്തിൽ ഇങ്ങനെയൊരു കുട്ടി ആദ്യമായിരുന്നു.

അന്നൊരിക്കൽ ക്ലാസിൽ നടന്ന സംഭവം ഓർത്തപ്പോൾ ടീച്ചറുടെ മുഖത്തു നിലാവ് പരന്നു. തെറ്റുകൾ ചൂണ്ടിക്കാണിച്ചതിന് ഒരുദിവസംതന്നെ പലവട്ടം നന്ദി പറയാറുണ്ടവൻ.

പൂമ്പാറ്റകളെക്കുറിച്ച് ചെറിയ ചർച്ചകഴിഞ്ഞു. അടുത്ത ഘട്ടത്തിലേക്കു കടക്കുകയാണ്. യൂജിൻ സംസാരം നിർത്തിയിട്ടില്ല. ക്ഷമയുടെ നെല്ലിപ്പടിയും കടന്നു.

''ഇനി നീ ഒരക്ഷരം മിണ്ടരുത്. മിണ്ടിയാൽ ഞാൻ നിന്റെ വായ ടേപ്പുകൊണ്ട് ഒട്ടിക്കും.''

പെട്ടെന്നു തോന്നിയ ദേഷ്യംകൊണ്ടു പറഞ്ഞു പോയതാണ്. അഞ്ചുമിനിറ്റുപോലും കഴിഞ്ഞില്ല. ''ടീച്ചർ, യൂജിൻ പിന്നെയും സംസാരം തുടങ്ങി''– അർജുൻ വിളിച്ചുപറഞ്ഞു. ''എത്ര പറഞ്ഞിട്ടും അവൻ നിർത്തുന്നില്ല''– അവൻ കൂട്ടിച്ചേർത്തു.

ക്ലാസിൽ പരസ്യമായി ശിക്ഷ പ്രഖ്യാപിച്ചുപോയി. നടപ്പാക്കാതെ മറ്റു വഴിയില്ല. മേശയുടെ വലിപ്പു തുറന്ന് ഒരു റോൾ മസ്ക്കറ്റിങ് ടേപ്പ് വലിച്ചെടുത്തു. രണ്ടു കഷണമാക്കി യൂജിന്റെ വായ മൂടി ഗുണനചിഹ്നം പോലെ ഒട്ടിച്ചു.

ക്ലാസാകെ നിശ്ശബ്ദം. പൂമ്പാറ്റകൾക്കു വർണച്ചിറകുകൾ സമ്മാനമായി കിട്ടിയ കഥ പറയാനാരംഭിച്ചു. ഇടയ്ക്ക് യൂജിൻ എന്താണു ചെയ്യുന്നതെന്ന് ഇടംകണ്ണിട്ടു നോക്കി. അവൻ കണ്ണിറുക്കി ചിരിക്കുകയാണ്. വായാടികൾക്ക് ഇതുതന്നെ വേണം എന്നായിരുന്നു അതിന്റെ അർഥം. അതുകണ്ടപ്പോൾ ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ''തോറ്റു മോനേ, തോറ്റു.'' ക്ലാസാകെ പൊട്ടിച്ചിരിച്ചു. ശ്രദ്ധാപൂർവം ടേപ്പ് പറിച്ചെടുത്തു. കണ്ണുകൾ നനഞ്ഞു. വിനയത്തോടെ അവൻ പറഞ്ഞു:

''എന്റെ തെറ്റുകൾ ചൂണ്ടിക്കാട്ടിയതിന് നന്ദിയുണ്ട് ടീച്ചർ.''

കാലം എത്ര വേഗമാണു പോകുന്നത്! ഓണനിലാവും കുളിരുപൂത്ത സന്ധ്യകളും ക്രിസ്മസ് രാവുകളും പിന്നിട്ട് സംവത്സരങ്ങൾ ഓടിയോടി മറയുകയാണ്. യൂജിൻ ഇപ്പോൾ ഒൻപതാം ക്ലാസിലാണ്. കണക്ക് ടീച്ചർ അവധിയിലായി. പകരം നിയോഗിക്കപ്പെട്ടത് നന്ദിനിടീച്ചർ. യൂജിൻ മുമ്പത്തെക്കാളും ഊർജസ്വലനാണ്. പുത്തൻ ഗണിതാശയങ്ങൾ ശ്രദ്ധയോടെയാണവൻ കേൾക്കുന്നത്. ഇപ്പോൾ അത്രയധികം സംസാരമില്ല. ഒരു വെള്ളിയാഴ്ച. കാര്യങ്ങൾ അത്ര പന്തിയല്ലെന്നു ടീച്ചർക്കു തോന്നി. ഈ ആഴ്ച മുഴുവൻ ഗഹനമായ ഒരു ഗണിതാശയം ഉൾക്കൊള്ളുന്നതിനുള്ള കഠിനപ്രയത്നമായിരുന്നു.

''മാഡം, ഇത് വല്ലാതെ ബോറാവുന്നു''– അൻവർ പറഞ്ഞു. കുട്ടികളിൽ ഒരുതരം അസ്വസ്ഥതയുണ്ട്. അതു മാറ്റിയെടുക്കണം. ഇവരുടെ മനസ്സ് ഒന്നു തണുപ്പിച്ചേ പറ്റൂ.

''എല്ലാവരും ഗണിതപുസ്തകം അടച്ചുവയ്ക്കുക.'' ക്ലാസിൽ പുസ്തകങ്ങൾ അടച്ചുവയ്ക്കുന്നതിന്റെയും ഇൻസ്ട്രുമെന്റ് ബോക്സ് നീക്കുന്നതിന്റെയും ശബ്ദം. ടീച്ചർ തുടർന്നു: ''നിങ്ങൾ പേപ്പറുകൾ എടുക്കുക. അതിൽ ഈ ക്ലാസിലെ ഏതെങ്കിലും ഒരു കുട്ടിയുടെ പേരെഴുതുക. അതിനു താഴെ ആ കുട്ടിയെക്കുറിച്ച് നിങ്ങൾക്ക് അനുഭവപ്പെട്ട ഏറ്റവും നല്ല കാര്യങ്ങൾ മാത്രം എഴുതുക. അങ്ങനെ നിങ്ങൾ ഒഴികെയുള്ള ഓരോ കുട്ടിയുടെയും പേര്, താഴെ അവരിൽ നിന്നും നിങ്ങൾക്കുണ്ടായ ഏറ്റവും നല്ല അനുഭവങ്ങൾ.''

''ഹായ്''– ക്ലാസ് ഒന്നടങ്കം ആർത്തുവിളിച്ചു. ഗണിതക്കുരുക്കുകളിൽ നിന്ന് അവർ നന്മയുടെ ആകാശങ്ങളിലേക്കു ചിറകടിച്ചുയരുകയാണ്. മെർലിൻ ആലോചിച്ചു, എന്താണ് ബിമലിനെക്കുറിച്ചെഴുതേണ്ടത്? ശ്രീലക്ഷ്മി ചിന്തിച്ചു, എന്തെല്ലാം നല്ല കാര്യങ്ങളാണ് യൂജിനെപ്പറ്റി എഴുതുക? നന്മയെക്കുറിച്ചു മാത്രം ആലോചിക്കുന്ന മുപ്പത്തിനാലു മനസ്സുകൾ! ക്ലാസിലെ മുഴുവൻ സമയവും അതിനുവേണ്ടിത്തന്നെ വിനിയോഗിച്ചു. ഓരോരുത്തരായി പേപ്പറുകൾ ടീച്ചറെ ഏൽപ്പിക്കാൻ തുടങ്ങി. പേപ്പർ കൊടുത്തുകൊണ്ട് യൂജിൻ പറഞ്ഞു:

''എന്നെ പഠിപ്പിക്കുന്നതിന് നന്ദിയുണ്ട്, ടീച്ചർ.''

ആ ഞായറാഴ്ച മുഴുവൻ ടീച്ചർ കുട്ടികളുടെ പേര് വെവ്വേറെ പേപ്പറുകളിലെഴുതി. മറ്റുള്ളവർ അവരെക്കുറിച്ചെഴുതിയ നല്ല കാര്യങ്ങൾ വടിവൊത്ത കൈയക്ഷരത്തിൽ മാറ്റിയെഴുതി. തിങ്കളാഴ്ച ഓരോ കുട്ടിയുടെയും പേരുവിളിച്ച് പേപ്പറുകൾ വിതരണംചെയ്തു. ചിലർക്കൊക്കെ രണ്ടും മൂന്നും പേപ്പറുകൾ ഉണ്ടായിരുന്നു. മറ്റുള്ളവർ തങ്ങളെക്കുറിച്ചെഴുതിയതു വായിക്കുമ്പോൾ ക്ലാസാകെ നിശ്ശബ്ദമാകുന്നതും കുട്ടികളുടെ മുഖങ്ങൾ വികാരഭരിതമാവുന്നതും ആത്മഹർഷത്തോടെ ടീച്ചർ കണ്ടു.

''മറ്റുള്ളവർ എന്നെ ഇത്രമാത്രം വിലമതിക്കുന്നുണ്ടെന്ന് ഞാനറിഞ്ഞില്ല ടീച്ചർ''- ബിമൽ പറഞ്ഞു. യൂജിൻ തന്റെ മൂന്നു പേജ് കാട്ടി പറഞ്ഞു:

''ഈ ക്ലാസിലെ എല്ലാവരോടും എനിക്ക് നന്ദിയുണ്ട്.''

അതിനെക്കുറിച്ചു പിന്നീടാരും ഒന്നും പറഞ്ഞുകേട്ടില്ല. എന്നാൽ രക്ഷിതാക്കളുടെ യോഗം ടീച്ചറെ ആവേശപൂർവം അഭിനന്ദിച്ചു.

അടുത്തവർഷം പഠനം കഴിഞ്ഞു പിരിയുമ്പോൾ അവരെല്ലാം ടീച്ചറുടെ അടുത്തുവന്നു. യൂജിൻ ഒരു പേപ്പറിൽ മുഴുവൻ പേരുടെയും മേൽവിലാസമെഴുതി ടീച്ചറെ ഏൽപ്പിച്ചു. അവൻ പറഞ്ഞു: ''ഞങ്ങൾക്ക് ഒരുപാട് നന്ദിയുണ്ട്.''

വിജയപരാജയങ്ങളിൽ അവർ ടീച്ചർക്ക് എഴുത്തുകൾ അയച്ചു. ടീച്ചർ മറുപടികൾ അയച്ചുകൊണ്ടേയിരുന്നു. പട്ടാളത്തിൽ ഓഫീസറായി ജോലി കിട്ടിയത് യൂജിൻ അഭിമാനത്തോടെ എഴുതി അറിയിച്ചു. കാലത്തിന്റെ ചിറകിൽനിന്നു തൂവലുകൾ പിന്നെയും കൊഴിഞ്ഞു.

കൊല്ലപ്പരീക്ഷ കഴിഞ്ഞ് മധ്യവേനലവധി ആരംഭിക്കുകയാണ്. നന്ദിനിടീച്ചറെ കൂട്ടാൻ അച്ഛനും അമ്മയും വാഹനവുമായി വന്നിട്ടുണ്ട്. യാത്രയ്ക്കിടയിൽ സ്കൂൾവിശേഷങ്ങൾ വാതോരാതെ അവർ സംസാരിച്ചുകൊണ്ടിരുന്നു. അച്ഛൻ പറഞ്ഞു:

''നിന്റെ ആവേശം എന്നെ അത്ഭുതപ്പെടുത്തുന്നു. ജീവിതംപോലും നീ ഇതിനായി മറന്നുകളയുകയാണെങ്കിൽ നിന്നെ വേറെ എന്തെങ്കിലും ജോലിക്ക് വിടേണ്ടിവരും.''

അവൾ ചിരിച്ചു. അമ്മ പതിവുചോദ്യങ്ങൾ ചോദിച്ചു. കുഞ്ഞുകാലത്തിന്റെ മഞ്ഞുപുതപ്പിനുള്ളിൽ ആർദ്രമായ ഒരു താരാട്ടിന്റെ സുഖം അവൾക്കനുഭവപ്പെട്ടു. അവൾ അച്ഛന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി- ദുഃഖസാന്ദ്രമാണ് ആ മുഖം.

''അച്ഛന്റെ മുഖം വല്ലാതെ വാടിയിട്ടുണ്ട്.'' അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു:

''മോളേ, ദുഃഖകരമായ ഒരു വാർത്തയുണ്ട്. നിന്റെ പ്രിയപ്പെട്ട വിദ്യാർഥി യൂജിൻ...''

''യൂജിൻ?''


''കൊല്ലപ്പെട്ടു.''

അവളുടെ നെഞ്ചു പിടഞ്ഞു. കൊടുങ്കാറ്റു കഴിഞ്ഞുള്ള വന്യമായ ഒരു നിശ്ശബ്ദത അവളിൽ നിറയാൻ തുടങ്ങി.

ഓർമകൾ നിറഞ്ഞാടുകയാണ്. പട്ടാളത്തിൽ ചേർന്നപ്പോൾ, ഉദ്യോഗക്കയറ്റം കിട്ടിയപ്പോൾ, ഭാവിവധുവിനെ ആദ്യമായി കണ്ടപ്പോൾ- എല്ലാം... അവനെഴുതിയിരുന്നു. ഒടുവിൽ കണ്ടത്

വിവാഹത്തിനായിരുന്നു. അന്നു കാൽതൊട്ട് വണങ്ങാൻ വല്ലാതെ വാശിപിടിച്ചിരുന്നു.

''അതിർത്തിയിൽ തീവ്രവാദികൾക്കെതിരായ ഒരു സൈനികനീക്കത്തിന്റെ നേതൃത്വം യൂജിനായിരുന്നു. അബദ്ധത്തിൽ ശത്രുവിന്റെ കൈയിലകപ്പെട്ടുപോയ രണ്ടു പട്ടാളക്കാരെ അവൻ രക്ഷപ്പെടുത്തുകയായിരുന്നു. പക്ഷേ, സ്വന്തം ജീവൻ രക്ഷിക്കാനായില്ല. നാളെ അവന്റെ ശവസംസ്കാരമാണ്. നീ അതിൽ പങ്കെടുത്താൽ അവന്റെ അച്ഛനമ്മമാർക്കു വലിയ കാര്യമായിരിക്കും.''



ഒരു പട്ടാളക്കാരന്റെ ശവശരീരം പെട്ടിയിൽ അടക്കം ചെയ്തത് അവൾ ആദ്യമായി കാണുകയാണ്. വിനയപൂർവം പതിവുചിരിയോടെ വെറുതെ കിടക്കുകയാണെന്നേ തോന്നൂ. അവളുടെ മനസ്സു മന്ത്രിച്ചു: ''മോനേ, നീ എന്നോടൊന്ന് മിണ്ടുമെങ്കിൽ ലോകത്തിലെ മുഴുവൻ ടേപ്പുകളും ഞാൻ നിന്റെ കാൽക്കൽ വയ്ക്കാം.''

പള്ളി നിറയെ യൂജിന്റെ സുഹൃത്തുക്കൾ. പുരോഹിതർ പതിവു പ്രാർഥനകൾ ഉരുവിട്ടു. ബാന്റ്സംഗീതം മുഴങ്ങി. പ്രിയപ്പെട്ടവർ ഓരോരുത്തരായി ശവപ്പെട്ടിയിൽ വിശുദ്ധജലം തളിച്ച് നീങ്ങി. ടീച്ചർ അവസാനമായിരുന്നു. ശവശരീരം ചുമന്നുവന്ന പട്ടാളക്കാരിലൊരുവൻ അടുത്തെത്തി:

''മാഡം, യൂജിന്റെ കണക്ക് ടീച്ചറല്ലേ?'' ശവപ്പെട്ടിയിലേക്കു തന്നെ നോക്കി അവൾ തലയാട്ടി. ''യൂജിൻ നിങ്ങളെക്കുറിച്ച് ഒരുപാട് പറയാറുണ്ടായിരുന്നു.''

യൂജിന്റെ സഹപാഠികൾ ഓരോരുത്തരായി പുറത്തേക്കു പൊയ്ക്കൊണ്ടിരുന്നു. അവന്റെ അച്ഛൻ ടീച്ചറുടെ അടുത്തേക്കു വന്നു. ഒരു പേഴ്സ് നിവർത്തിക്കൊണ്ട് വിതുമ്പലോടെ പറഞ്ഞു:

''ടീച്ചർ ഇതു കണ്ടോ, അവൻ മരണപ്പെടുമ്പോൾ പോക്കറ്റിൽ ഉണ്ടായിരുന്നതാ.'' അതിന്റെ അറയിൽ നിന്നു മുഷിഞ്ഞ കടലാസുകൾ അയാൾ പുറത്തെടുത്തു. പല തവണ മടക്കുകയും നിവർത്തുകയും ചെയ്തതിനാൽ പിന്നിയ ആ കടലാസ് കഷണങ്ങൾ ടേപ്പ് വച്ച് ഒട്ടിച്ചിരുന്നു. ഒൻപതാം ക്ലാസിൽവച്ച് മറ്റു കുട്ടികൾ യൂജിനെക്കുറിച്ചെഴുതിയ നന്മയുടെ കടലാസ്! യൂജിന്റെ അമ്മ ടീച്ചറുടെ കൈപിടിച്ചു പറഞ്ഞു:

''ഇതു ചെയ്തതിന് നിങ്ങളോട് ഒരുപാട് നന്ദിയുണ്ട് ടീച്ചർ. നോക്കൂ, ഒരു നിധിപോലെയാ അവനിത് സൂക്ഷിച്ചിരുന്നത്''– അവർ വീണ്ടും വിങ്ങിപ്പൊട്ടി. ടീച്ചർ പുറത്തേക്കിറങ്ങി. യൂജിന്റെ സഹപാഠികൾ അവർക്കുചുറ്റും കൂടി. ചാർളി പറഞ്ഞു: ''എന്റെ ലിസ്റ്റ് ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്; എന്നും കാണാൻ പാകത്തിൽ വീട്ടിൽ മേശയുടെ ഗ്ലാസിനു ചുവട്ടിൽ.'' ''ഞങ്ങളുടെ വിവാഹ ആൽബത്തിലാണത്''– ബിമലിന്റെ ഭാര്യ പറഞ്ഞു. ''എന്റേത് ഡയറിയിൽ സൂക്ഷിച്ചിട്ടുണ്ട്''– അൻവർ. ശ്രീലക്ഷ്മി തന്റെ പോക്കറ്റ്ബുക്ക് കൈയിലെടുത്തു. അതിലൊരു കവറിൽ നിന്നു കീറിപ്പറിഞ്ഞ കടലാസ് നിവർത്തിക്കാണിച്ചു: ''ഞാനിതെപ്പോഴും എന്നോടൊപ്പം കൊണ്ടുനടക്കുകയാണ് ടീച്ചർ.''

നന്ദിനിടീച്ചർ പൊട്ടിപ്പൊട്ടിക്കരഞ്ഞു, ഇനിയൊരിക്കലും കാണാനാവാത്ത യൂജിനു വേണ്ടി. അവന്റെ പ്രിയങ്കരരായ സഹപാഠികൾക്കു വേണ്ടി.


- നന്മയുടെ കടലാസുകൾ സൃഷ്ടിച്ച നന്ദിനിടീച്ചറെ നിങ്ങൾക്കിഷ്ടമായോ? ടീച്ചറെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്ത് തയാറാക്കുക.
- ''ഒരു നിധിപോലെയാ അവനത് സൂക്ഷിച്ചിരുന്നത്''– യൂജിന്റെ അമ്മ പറഞ്ഞു. അവന്റെ കൂട്ടുകാരും ആ കടലാസുകൾ അങ്ങനെയാണു സൂക്ഷിച്ചത്. അവർ നിധിപോലെ അവ സൂക്ഷിക്കാനുള്ള കാരണം എന്താവാം?
- ''കുഞ്ഞുകാലത്തിന്റെ മഞ്ഞുപുതപ്പിനുള്ളിൽ ആർദ്രമായ ഒരു താരാട്ടിന്റെ സുഖം അവൾക്കനുഭവപ്പെട്ടു.''

  –ഇത്തരത്തിലുള്ള വാക്യങ്ങൾ കഥയിൽ വേറെയുമുണ്ട്. കണ്ടെത്തി പ്രത്യേകതകൾ വിവരിച്ചവതരിപ്പിക്കൂ.
- വിദ്യാർഥിജീവിതത്തിലെ ഒരനുഭവമാണ് 'നന്മയുടെ കടലാസ്' എന്ന കഥയിൽ ആവിഷ്കരിച്ചിട്ടുള്ളത്. നിങ്ങൾക്കുണ്ടായ ഇത്തരമൊരനുഭവം ആത്മകഥാരൂപത്തിൽ എഴുതാം.
- ക്ലാസിലെ വ്യത്യസ്ത സ്വഭാവക്കാരായ ഏതാനും കൂട്ടുകാരുടെ നന്മകൾ വിവരിച്ചുകൊണ്ട് കുറിപ്പെഴുതൂ. എല്ലാവരുടെയും രചനകൾ ചേർത്ത് 'നന്മയുടെ പുസ്തകം' രൂപപ്പെടുത്താം.



# അതിരുകൾക്കപ്പുറം

3



"ഞാൻ രാമേശ്വരം എലിമെന്ററി സ്കൂളിൽ അഞ്ചാം സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ ഒരുദിവസം ഒരു പുതിയ അധ്യാപകൻ ക്ലാസിൽ വന്നു. ഒരു മുസ്‌ലിമാണെന്നു തിരിച്ചറിയിക്കുന്ന തൊപ്പി ധരിച്ചിരുന്ന ഞാൻ മുൻനിരയിൽ, പൂണൂലിട്ട രാമനാഥശാസ്ത്രിയുടെ തൊട്ടടുത്താണ് പതിവായി ഇരുന്നിരുന്നത്. ഒരു ഹൈന്ദവപുരോഹിതന്റെ പുത്രൻ ഒരു മുസ്‌ലിം ബാലനോടൊപ്പം ഇരിക്കുന്നതുമായി പൊരുത്തപ്പെടാൻ പുതിയ അധ്യാപകനു കഴിഞ്ഞില്ല. താൻ മനസ്സിലാക്കിയിരുന്ന സാമൂഹികക്രമമനുസരിച്ച്, എന്നോട് എഴുന്നേറ്റുപോയി പിൻനിരയിലിരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എനിക്ക് വലിയ ദുഃഖം തോന്നി. അതുപോലെത്തന്നെ രാമനാഥശാസ്ത്രിക്കും. പിൻനിരയിലെ ഇരിപ്പിടത്തിലേക്കു ഞാൻ മാറിയപ്പോൾ വിതുമ്പിക്കരയുന്ന അദ്ദേഹത്തിന്റെ മുഖം എന്റെ മനസ്സിൽ ഒരു മായാത്ത മുദ്രയായി."



"ഒരുദിവസം, എന്റെ ശാസ്ത്രാധ്യാപകനായിരുന്ന ശിവസുബ്രഹ്മണ്യം തന്റെ വീട്ടിലേക്ക് എന്നെ ഊണിനു ക്ഷണിച്ചു. ആചാരവിധിപ്രകാരം പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്ന തന്റെ അടുക്കളയിലേക്ക് ഒരു മുസ്‌ലിംബാലനെ ഭക്ഷണം കഴിക്കാൻ വിളിക്കുക എന്ന ആശയംതന്നെ അദ്ദേഹത്തിന്റെ ഭാര്യയെ ഞെട്ടിക്കുന്നതായിരുന്നു. എനിക്ക് അടുക്കളയിൽ ഊണു വിളമ്പിവയ്ക്കാൻ അവർ തയാറായില്ല. ശിവസുബ്രഹ്മണ്യ അയ്യർ അതുകണ്ട് അസഹ്യത കാട്ടുകയോ അവരുടെ നേരെ ദേഷ്യപ്പെടുകയോ ചെയ്യുന്നതിനു പകരം, സ്വന്തം കൈകൊണ്ട് എനിക്ക് ഊണു വിളമ്പിത്തരുകയാണ് ഉണ്ടായത്. മാത്രമല്ല, എന്റെ അരികിലിരുന്ന് ഊണു കഴിക്കുകയും ചെയ്തു."

***അഗ്നിച്ചിറകുകൾ*** — ***ഡോ. എ.പി.ജെ. അബ്ദുൽകലാം***


- കുട്ടിക്കാലത്ത് രണ്ട് അധ്യാപകരിൽനിന്ന് മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാമിനുണ്ടായ വ്യത്യസ്ത അനുഭവങ്ങൾ വായിച്ചല്ലോ. ജീവിതത്തിൽ നമുക്കു ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ ചിലർ നമ്മെ ഏറെ സഹായിക്കുന്നു. ഇങ്ങനെയുള്ള എന്തെങ്കിലും അനുഭവം നിങ്ങളുടെ ഓർമയിൽ ഉണ്ടോ? ചർച്ചചെയ്യൂ.

കല എല്ലാ വേർതിരിവുകളും മായ്ച്ചുകളയും!

# അരങ്ങേറ്റം

**അ**ന്നത്തെ നാലര ക്ലാസിൽവച്ച് എന്റെ സ്കൂൾവിദ്യാഭ്യാസം അവസാനിച്ചു. തുടർന്നുള്ള കാലം സംഗീതം പഠിക്കാനായിരുന്നു എന്റെ നിയോഗം. ആ നിയോഗത്തിന്റെ ആരംഭമാവട്ടെ, ഒരു ലളിതഗാനമത്സരഫലവുമായി ബന്ധപ്പെട്ടതുമായിരുന്നു. കലാമണ്ഡലം ഹൈദരലി എന്ന പാട്ടുകാരന്റെ ഉദയവും ഈ മത്സരവുമായി ചേർത്തുപറയേണ്ടതാണ്.

ക്ലബ്ബുകളിലെ പാട്ടുകാരനായി പോകുന്ന കാലം. എൻ.ഇ.എസ്. ബ്ലോക്ക് ലളിതഗാനമത്സരം സംഘടിപ്പിച്ചു. ഞാൻ പേരുകൊടുത്തു. ഞാൻ വേദിയിൽ കയറിയതും കാണികൾ കൂവാൻ തുടങ്ങി. എങ്ങനെ കൂവാതിരിക്കും? കൊലുന്നനെ, മുഷിഞ്ഞുകീറിയ ട്രൗസറും കുപ്പായവും മൊട്ടത്തലയുമുള്ള, കറുത്തിരുണ്ട ഒരു ചെറുക്കനാണ് ലളിതഗാനം പാടാൻ വന്നിരിക്കുന്നത്. ഈ കോങ്കണ്ണനെന്ത് പാട്ടുപാടാനാ എന്ന വിചാരം ചിരിയായും പിന്നീടു പരിഹാസത്തോളമെത്തുന്ന കൂവലായും മാറി. ഞാൻ അതൊന്നും കണക്കിലെടുത്തില്ല, പാടാൻ തുടങ്ങി. ഒരു മിനിറ്റ് കഴിഞ്ഞപ്പോഴേക്കും കൂവൽ നിന്നു. ഇവൻ ആളുകൊള്ളാലോ എന്നൊരു ഭാവമാണ് എല്ലാവരുടെയും മുഖത്ത്. ഫലം വന്നപ്പോൾ എനിക്കായിരുന്നു ഫസ്റ്റ്. അന്നു ചെറിയ കപ്പും സോസറും സമ്മാനമായി കിട്ടി. ക്ലബ്ബിന്റെ പ്രസിഡന്റും പൊതുപ്രവർത്തകനുമായിരുന്ന സി.പി. ആന്റണിക്ക് എന്റെ പാട്ട് അത്രയ്ക്ക് ഇഷ്ടപ്പെട്ടു. ''ഇവൻ നന്നായി പാട്ണ്ണ്ടല്ലോ. ഇവനെ ഇവിടെ നിർത്ത്യാൽ പറ്റ്ല്ല്യ. കലാമണ്ഡലത്ത്ല് ചേർക്കണം'' എന്ന് അദ്ദേഹം ജ്യേഷ്ഠനോടു പറഞ്ഞത് ഇപ്പോഴും കൃത്യമായി ഓർമിക്കുന്നു. വരവൂർക്കാരൻ ശിവരാമൻനായർ അന്നു കലാമണ്ഡലത്തിൽ ചുട്ടി പഠിക്കുന്നുണ്ട്. ശിവരാമൻനായർക്ക് ജ്യേഷ്ഠനെ അറിയാം. ആന്റണിയുടെ അഭിപ്രായം തന്നെയായിരുന്നു ശിവരാമൻനായർക്കും. കലാമണ്ഡലത്തിൽ കുട്ടികളെ എടുക്കുന്ന സമയം വന്നാൽ അറിയിക്കാമെന്നും അതിനു വേണ്ട കാര്യങ്ങളിലെല്ലാം സഹായിക്കാമെന്നും ശിവരാമൻനായർ പറഞ്ഞു.



കലാമണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിൽ കുട്ടികളെ എടുക്കുന്ന കാലമായി. പറഞ്ഞതു പോലെ ശിവരാമൻനായർ വേണ്ട ഒത്താശകൾ ചെയ്തു. ആരാണ് അപേക്ഷ അയച്ചത്, എപ്പോഴാണ് കാർഡ് വന്നത്– ഒന്നും അറിയില്ല. കലാമണ്ഡലം എന്നാൽ കഥകളി എന്നു മാത്രം അറിയാം. അതുവരെ കഥകളി കണ്ടിട്ടുമില്ല. കഥ എന്നും കളി എന്നും കേട്ടിട്ടുള്ളതു മാത്രമാണ് എനിക്കുള്ള കഥകളിപരിചയം.

1957 മെയ് മാസത്തിലാണെന്നാണ് ഓർമ. ജ്യേഷ്ഠനും ഞാനും ഓട്ടുപാറയിൽനിന്നു ചെറുതുരുത്തിക്ക് ബസ്കയറി. കരിപ്പാൽ, ടി.ആർ. നായർ എന്നീ രണ്ടു ബസ്സുകളേ അന്നുള്ളൂ. ഞങ്ങൾ ചെറുതുരുത്തിയിൽ പഴയ കലാമണ്ഡലത്തിന്റെയവിടെ ബസ്സിറങ്ങി നടന്നു. എന്തിനാണ് എന്നെ കലാമണ്ഡലത്തിലേക്കു കൊണ്ടുപോകുന്നത്? കൊല്ലാനാണോ പാടാനാണോ, ഒന്നുമറിയില്ല. കലാമണ്ഡലത്തിലെത്തിയതും എന്റെ അന്ധാളിപ്പ് വർധിച്ചു. അവിടെ നിറയെ ആളുകളാണ്; കുട്ടികളും രക്ഷിതാക്കളുമായി അനവധി പേർ. ഞാൻ പകച്ചുനിന്നു. നോക്കിയപ്പോൾ വന്നവരിൽ ഒട്ടും കാണാൻ നന്നല്ലാത്തത് ഞാൻ മാത്രമാണ്. എന്നെ എടുക്കുമോ? ഊഴം വന്നപ്പോൾ എന്റെ പേരും വിളിച്ചു. അഴികളുള്ള ഒരു കളരിയിലേക്കാണ് എന്നെ വിളിപ്പിച്ചത്. അവിടെ നാലഞ്ചുപേർ ഇരിക്കുന്നുണ്ട്. നല്ല ഉയരത്തിൽ, കണ്ടാൽത്തന്നെ തൊഴാൻതോന്നുന്ന രൂപത്തിൽ ഒരാൾ; മറ്റൊരാൾക്ക് എന്തൊരു ചൈതന്യമാണ്! മൂന്നാമത്തെയാൾക്ക് ഗൗരവച്ഛായയാണ്. ഇനിയുള്ള ആൾക്ക് അധികം ഉയരമില്ല.

''എന്താ പേര്?''

''ഹൈദരലി''

''പാട്ടുപഠിക്കാൻ മോഹംണ്ടോ?''

''ഉം''

''പാട്ടുപാടിയിട്ടുണ്ടോ?''

''ഉം''

''ഇപ്പോ ഒരു പാട്ടുപാടിക്കൂടേ?''

''പാടാം''

''എന്നാൽ ഒരു പാട്ടുപാടൂ...''

''കല്ലേ കനിവില്ലേ...''

''ഒരു പാട്ടുകൂടി...''

''വെള്ളാരംകുന്നിന്റെ<br>
കാതിൽ വന്ന്<br>
കിന്നാരം ചോദിച്ച<br>
കാറ്റേ ...''

''പൊയ്ക്കോളൂ''

അടുത്ത ചോദ്യങ്ങൾ എന്റെ ഒപ്പം വന്ന ജ്യേഷ്ഠനോടായിരുന്നു.

''കുട്ടിയെ ഇവിടെ എടുത്താൽ സമുദായത്തില് പ്രശ്നങ്ങളൊന്നും ണ്ടാവ്ല്യല്ലോ?''

''ഇല്ല''



''എതിർപ്പ്ണ്ടാവ്ല്യാലോ?''

''ണ്ടാവ്ല്യ, ഉറപ്പുതരാം.''

''കുഴപ്പംണ്ടാവ്വാച്ചാല് ബുദ്ധിമുട്ടാവും. അതോണ്ടാ ഒന്നുംകൂടി ചോയിക്കണത്.''

''ഒരു കൊഴപ്പോം വര്ല്യ, ഒരു ബുദ്ധിമുട്ടുംണ്ടാക്കൂല്യാ.''

ആ ഇന്റർവ്യൂവും കഴിഞ്ഞു.

പിന്നീടാണറിഞ്ഞത്, അന്ന് എന്നെ പരിശോധിച്ചവർ മഹാകവി വള്ളത്തോൾ, മുകുന്ദരാജാ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു. നീലകണ്ഠൻ നമ്പീശനാശാനായിരുന്നു എന്നോടു ചോദ്യങ്ങൾ ചോദിച്ചത്. ജ്യേഷ്ഠനുമായി സംസാരിച്ചതു മഹാകവി വള്ളത്തോളും.

എന്നെ തിരഞ്ഞെടുത്തുകൊണ്ട് കലാമണ്ഡലത്തിൽ നിന്നു കത്തുവന്നു. പാട്ടുപഠിക്കാൻ പോവാണ് എന്നല്ലാതെ കലാമണ്ഡലത്തെക്കുറിച്ചൊന്നും അറിയില്ല. ആദ്യത്തെ ദിവസം തന്നെ ഞാനതു ശ്രദ്ധിച്ചിരുന്നു. ഞാൻ ഇരുന്നതിനു തൊട്ടല്ല മറ്റുള്ളവർ ഇരുന്നിരുന്നത്. അൽപ്പം നീങ്ങിയുള്ള ഇരിപ്പ് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലായി. മെസ്സിലും ഈ അകലം ഉണ്ടായിരുന്നു. മനസ്സു വേദനിച്ചിരുന്നെങ്കിലും ആരോടുപറയാൻ? പറഞ്ഞാൽത്തന്നെ ഫലമെന്ത്? കുട്ടികളുടെ കുത്തുവാക്കുകൾ താങ്ങാവുന്നതിലും അധികമായിരുന്നു. അന്യമതസ്ഥൻ എന്ന കാരണത്താൽ കളിയാക്കാൻ ധാരാളം വഹയുമുണ്ടായിരുന്നു.

വർഷം ഒന്നു കഴിഞ്ഞു. കലാമണ്ഡലത്തിലെ രീതികളോടൊക്കെ ഇണങ്ങാനുള്ള മാനസികാവസ്ഥയിലായി. പരിഹാസം കലർന്ന വാക്കും നോക്കും എന്നെ സ്പർശിക്കാതായി.

എന്റെ അരങ്ങേറ്റം ഒരു സംസാരവിഷയമായി. സാധാരണ ഒരാളുടെ അരങ്ങേറ്റം കഴിയുന്നതിൽ അസാധാരണമായി ഒന്നും കാണാത്ത അന്തരീക്ഷമായിരുന്നു കലാമണ്ഡലത്തിൽ. കുട്ടികളുടെ രക്ഷിതാക്കളോ വേണ്ടപ്പെട്ടവരോ വരും, അത്രതന്നെ. എന്നാൽ എന്റെ അരങ്ങേറ്റം ചർച്ചാവിഷയമായതിനു പിന്നിൽ പല കാരണങ്ങളുമുണ്ടായിരുന്നു. കഥകളിയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മുസ്ലിംബാലന്റെ അരങ്ങേറ്റം നടക്കുന്നത്. അതിൽ അസൂയയും അസഹിഷ്ണുതയും ഉള്ളവരുമുണ്ടായിരുന്നു. ഏതായാലും തെല്ലൊരു കൗതുകത്തോടെയും വിസ്മയത്തോടെയുമാണ് എല്ലാവരും എന്നെ നോക്കിക്കണ്ടത്.

***മഞ്ജുതരം*** — ***കലാമണ്ഡലം ഹൈദരലി***

- കലാമണ്ഡലത്തിൽവച്ച് ഹൈദരലിയെ വേദനിപ്പിച്ച ചില സന്ദർഭങ്ങൾ അദ്ദേഹം ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. ഇത്തരം വിവേചനങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ മറികടക്കാം? ചർച്ച ചെയ്ത് കുറിപ്പായി എഴുതൂ.

- ''കുട്ടിയെ ഇവിടെ എടുത്താൽ സമുദായത്തില് പ്രശ്നങ്ങളൊന്നും ണ്ടാവ്ല്യല്ലോ?''

  വള്ളത്തോൾ ഇങ്ങനെ ചോദിക്കാനുണ്ടായ സാഹചര്യം എന്തായിരിക്കാം? കേരളത്തിന്റെ പഴയകാല സാമൂഹികജീവിതത്തെക്കുറിച്ച് അന്വേഷിക്കൂ. കണ്ടെത്തിയ വിവരങ്ങൾ ഉൾപ്പെടുത്തി ചെറുലേഖനം തയാറാക്കൂ.

- സ്വന്തം അനുഭവങ്ങൾ വിവരിക്കുന്ന രചനാരീതിയാണ് ആത്മകഥ എന്ന നിലയിൽ ഇവിടെ സ്വീകരിച്ചിട്ടുള്ളത്. മറ്റൊരാളുടെ അനുഭവങ്ങൾ നമ്മൾ ആവിഷ്കരിക്കുകയാണ് ജീവചരിത്രത്തിൽ ചെയ്യുന്നത്. ഞാൻ, എന്റെ തുടങ്ങിയ പ്രയോഗങ്ങൾ ജീവചരിത്രത്തിൽ ഉപയോഗിക്കാറില്ല. പാഠഭാഗത്തെ ഒരു സംഭവം ജീവചരിത്രത്തിന്റെ രൂപത്തിൽ എഴുതൂ.

- ഹൈദരലി ഉള്ളിൽത്തട്ടി പാടിയിരുന്നത് 'കർണശപഥ'ത്തിലെ പദങ്ങളായിരുന്നു. എന്തുകൊണ്ടാവാം ആ കഥകളിപ്പദങ്ങളോട് അദ്ദേഹത്തിന് അത്രമേൽ ഇഷ്ടം തോന്നിയത്? കർണന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ചർച്ചചെയ്ത് താരതമ്യക്കുറിപ്പ് തയാറാക്കൂ.

വിവേചനത്തിന്റെ ദുരനുഭവങ്ങൾക്ക്
കാലദേശവ്യത്യാസങ്ങളുണ്ടോ?

# ചോമന്റെ ദുഃഖം

**ചോ**മൻ രണ്ടു മക്കളെയും കൂട്ടി അൽപ്പം അകലെയുള്ള തോട്ടിലേക്കു കുളിക്കാൻ പോയി. ബെള്ളിയാണ് പതിവായി അവരെ കുളിപ്പിക്കാറ്. രണ്ടുപേർക്കും ആരെങ്കിലും കുളിപ്പിക്കേണ്ട പ്രായം കഴിഞ്ഞിരിക്കുന്നു. എന്നാലും അമ്മയില്ലാത്ത കുട്ടികളല്ലേയെന്നു കരുതി ബെള്ളി കൂടുതൽ ഓമനിച്ചുവരുകയാണ്. അന്ന് വീട്ടുജോലിയൊന്നും തീരാത്തതുകൊണ്ടാണ് കുളിപ്പിക്കുന്ന കാര്യം അച്ഛനോടു പറഞ്ഞത്. അച്ഛന്റെ പിന്നാലെ രണ്ടുപേരും ആടിക്കൊണ്ടും പാടിക്കൊണ്ടും നടന്നു. തോട്ടിനടുത്തെത്തിയ ചോമൻ മക്കളെ അവിടെ നിറുത്തി അവരുടെ തലയിൽ തേക്കാനായി താളി പറിച്ചുകൊണ്ടുവരാൻ താഴ്‌വരയിലേക്കു പോയി. തോടിന്റെ മേൽഭാഗത്ത് ഉയർന്ന ജാതിക്കാർ പലരും കുളിക്കുകയും അലക്കുകയും ചെയ്യുന്നുണ്ട്. കാളനും നീലനും വെള്ളത്തിലിറങ്ങാൻ ധൃതിയായി. അച്ഛനെ കാത്തുനിൽക്കാതെ വെള്ളത്തിലിറങ്ങി അന്യോന്യം വെള്ളം തേവിക്കൊണ്ടിരുന്നു.

ആവേശം കൂടുന്തോറും കൂടുതൽ കൂടുതൽ ആഴത്തിലേക്ക് ഇറങ്ങിത്തുടങ്ങി. രണ്ടുപേർക്കും നീന്താനറിയാം. അതുകൊണ്ട് വെള്ളത്തിലേക്കു തള്ളലും പിടിച്ചുമുക്കലും ഇതിൽ നിന്നെല്ലാം ഒഴിഞ്ഞുമാറലും എല്ലാം നടക്കുന്നുണ്ട്. എന്നും പതിവുള്ളതാണിതൊക്കെ. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, നീലന് കൈ തളർന്നു. അവൻ വെള്ളത്തിൽ മുങ്ങുന്നതു കണ്ടപ്പോൾ കാളനു പരിഭ്രമമായി. അവൻ നിലവിളിച്ചു. അവന്റെ നിലവിളി അങ്ങകലെ താളി പറിച്ചുകൊണ്ടിരുന്ന ചോമന്റെ ചെവിയിലെത്തി. ചോമൻ അന്തംവിട്ടോടി. വഴിയിലുള്ള കൂറ്റൻ കല്ലുകൾപോലും അയാൾ ശ്രദ്ധിച്ചില്ല. അത്തരം ഒരു കല്ലുതട്ടി വീണു. എഴുന്നേറ്റപ്പോൾ ഓടാൻ കഴിയാതെയായി. നടന്നും ഓടിയും ഒരുവിധം സ്ഥലത്തെത്തി. മേൽഭാഗത്ത് കുളിച്ചുകൊണ്ടിരുന്ന മേൽജാതിക്കാരെല്ലാം അപ്പോഴേക്കും ഓടിയെത്തിയിരുന്നു. ഒരു ബ്രാഹ്മണ യുവാവ് തോട്ടിൽ ചാടി നീലനെ പിടിക്കാൻ ഒരുങ്ങി. മുതിർന്നവർ അവനെ പിടിച്ചുനിർത്തി. ''പൊലയച്ചെക്കനെ പിടിക്കാൻ പോന്നോ?'' എന്നു പേടിപ്പിച്ചു. യുവാവ് ധർമസങ്കടത്തിലായി. ഓടിവരുന്ന ചോമൻ





എല്ലാം കണ്ടു. എന്നാൽ സംഭവമെന്താണെന്നു മാത്രം അറിഞ്ഞില്ല. ആളുകൾ നോക്കി നിൽക്കെ നീലൻ മുങ്ങിത്തുടങ്ങി. ഒന്നു തലയുയർത്തി. അത് അവന്റെ അവസാനത്തെ പൊങ്ങലായിരുന്നു. ചോമൻ ഓടിയെത്തുമ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. ഇത്രയും ആളുകളുടെ മൂക്കിനുതാഴെ വച്ചാണ് ഈ ദുരന്തം നടന്നത്. നീലന്റെ ജീവനറ്റ ശരീരം ഒഴുകിത്തുടങ്ങി. ചോമൻ എല്ലാവരുടെയും മുഖത്തുനോക്കി നിലവിളിച്ചു. അയാൾക്ക് നീന്താനറിഞ്ഞുകൂടാ. നേരത്തേ നീലനെ പിടിക്കാൻ ഒരുമ്പെട്ട ബ്രാഹ്മണയുവാവ് ഇത്തവണ ആരുടെയും അനുവാദത്തിനു കാത്തുനിൽക്കാതെ തോട്ടിലേക്ക് എടുത്തുചാടി. അവനെ തടയാൻ ശ്രമിച്ച ബ്രാഹ്മണർ നിരാശരായി. നീലന്റെ ശവവുംകൊണ്ടാണ് ആ യുവാവ് കരയ്ക്കു വന്നത്.

*ചോമന്റെ തുടി* — *ശിവരാമ കാരന്ത്*

**(പരിഭാഷ : കെ.വി. കുമാരൻ)**

- ''നീലന്റെ ശവവും കൊണ്ടാണ് ആ യുവാവ് കരയ്ക്കുവന്നത്''– ബ്രാഹ്മണയുവാവിന്റെ അപ്പോഴത്തെ വിചാരവികാരങ്ങൾ എന്തായിരിക്കാം? കഥാരൂപത്തിൽ ആവിഷ്കരിക്കൂ.
- ''പൊലയച്ചെക്കനെ പിടിക്കാൻ പോന്നോ'' എന്നു പേടിപ്പിച്ചപ്പോൾ യുവാവ് കുട്ടിയെ രക്ഷിക്കാതിരുന്നതു ശരിയായോ? നിങ്ങളുടെ അഭിപ്രായമെന്താണ്? കുറിപ്പ് എഴുതൂ.
- പാഠഭാഗത്തെ സംഭവം വാർത്തയുടെ രൂപത്തിൽ എഴുതുക. ഉചിതമായ തലക്കെട്ടു നൽകുകയും വേണം.
- ചോമന്റെ ദുഃഖം, അരങ്ങേറ്റം എന്നീ പാഠഭാഗങ്ങൾ സമൂഹത്തിൽ നിലനിന്നിരുന്ന ചില പ്രവണതകളിലേക്കു വിരൽ ചൂണ്ടുന്നില്ലേ. എന്നാൽ മനുഷ്യനന്മയുടെ തെളിവുകളായി അവതരിപ്പിക്കാൻ കഴിയുന്ന സംഭവങ്ങളും കുറവല്ല. ധീരത, നന്മ, ത്യാഗം തുടങ്ങിയവയ്ക്ക് ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്ന സംഭവങ്ങൾ പത്രവാർത്തകളിൽ നിന്നു ശേഖരിച്ച് ലഘു ഉപന്യാസം തയാറാക്കുക.

# മരിക്കാത്ത ഓർമകൾ



**ഞാ**ൻ ഒരു കാര്യമായി ചങ്ങനാശ്ശേരിയിൽ വന്ന് മന്നത്തുവീട്ടിൽ പാർക്കുകയായിരുന്നു. കാലത്ത് എട്ടൊൻപതു മണികഴിഞ്ഞപ്പോൾ വൈക്കത്തുനിന്ന് പത്തനംതിട്ടക്കാരൻ ഭട്ടതിരിയും ആറന്മുളക്കാരൻ അഴകനും വേറെ ഒരാളും കൂടി എന്റെ വീട്ടിൽ വന്നു, തലേദിവസത്തെ വൈക്കംസംഭവഗതികൾ എന്നെ പറഞ്ഞുകേൾപ്പിച്ചു. അവർ ആഹാരം കഴിച്ചിട്ടില്ലെന്നു മനസ്സിലായി. അമ്മയോടു സ്വകാര്യം ചോദിച്ചപ്പോൾ എല്ലാവർക്കും കഞ്ഞി തരാമെന്നു സമ്മതിച്ചു. വീണ്ടും സംഭാഷണം ചെയ്യുന്നതിനിടയിൽ കൂടെയുള്ള അഴകനും കഞ്ഞി കൊടുക്കുന്ന കാര്യം എന്റെ ആലോചനയിൽ വന്നു. അഴകന് എവിടെയിരുത്തി കഞ്ഞി കൊടുക്കും? തിരിച്ചിരുത്തി കഞ്ഞി കൊടുക്കുന്നത് എന്റെ നിലയ്ക്കു ശരിയോ? ജാതി നോക്കാതെ പൊതുസ്ഥലത്ത് ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാനുള്ള പരിചയം ഞാനും സമ്പാദിച്ചിരുന്നു. എന്നാൽ വീട്ടിൽ തീണ്ടൽ ആചരണം കൂടാതെ ഒരുമിച്ചിരുന്നു സംസാരിക്കാമെന്നുള്ളതിൽക്കവിഞ്ഞ് ഒരു പരീക്ഷണം നടത്തേണ്ട സന്ദർഭമുണ്ടായിട്ടില്ല.

ഞാൻ തന്നെ ഇത്ര വിഷമിക്കുമ്പോൾ എന്റെ അമ്മയ്ക്ക് എത്ര ബുദ്ധിമുട്ടുണ്ടാകാം! അഴകനെ ഭക്ഷണത്തിനു മാറ്റിയിരുത്താനും ഒരുമിച്ചിരുത്താനും ശക്തനല്ലാതെ ഞാൻ കുഴങ്ങി. ജാതി വേണ്ടെന്ന് ഉറക്കെ പ്രസംഗിച്ചുകൊണ്ടു നടക്കുന്ന ഞാൻ – അയിത്തോച്ചാടനത്തിൽ സജീവമായി പങ്കുകൊള്ളുന്ന ഞാൻ– ബ്രാഹ്മണനും പുലയനും നായരും ഉൾപ്പെടെ എന്റെ വീട്ടിൽ വന്ന അതിഥികളെ അവരുടെ ഉയർച്ചതാഴ്ചയനുസരിച്ച് വേർതിരിച്ച് ഇരുത്തി ഭക്ഷണം കൊടുക്കുന്നതു ശരിയല്ലെന്നു തോന്നി. വർത്തമാനത്തിൽ പങ്കുകൊണ്ടിരുന്നുവെങ്കിലും എന്റെ മനസ്സുമുഴുവൻ വ്യാപരിച്ചിരുന്നത് ഈ വിഷയങ്ങളിലായിരുന്നു. എന്റെ വിശ്വാസത്തിനും സംസാരത്തിനും എതിരായി എന്തായാലും ഞാൻ എന്റെ വീട്ടിൽവച്ചു പ്രവർത്തിക്കയില്ലെന്നു മനസ്സുകൊണ്ടു തീരുമാനിച്ചു. എന്നല്ല, ഇന്നത്തെ അതിഥികളിൽ അഗ്രഗണ്യൻ അഴകപ്പുലയനാണെന്നും എനിക്കു തോന്നി. അനവധി നൂറ്റാണ്ടുകാലമായി പുലയരോടും മറ്റും എന്റെ പൂർവികർ അറിയാതെചെയ്ത പാപകർമങ്ങൾക്കു പരിഹാരമായി, എന്റെ വീട്ടിൽവച്ചു തന്നെ ഈ പ്രായശ്ചിത്തം നടത്തണമെന്നായിരിക്കും ദൈവനിശ്ചയം. മുറയ്ക്കു നടക്കട്ടെ എന്നുള്ള വിചാരഗതിയോടുകൂടി സ്വകാര്യമായി അമ്മയെ വിവരം ധരിപ്പിച്ചു. ഈഴവനുപോലും തീണ്ടലുള്ള അക്കാലത്ത്, ഞാൻ പതിവായി ഭക്ഷണം കഴിക്കുന്ന അടുക്കളവാതുക്കൽ പുലയനോടുകൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ അനുവദിക്കണമെന്നും അമ്മതന്നെ വിളമ്പിത്തരണമെന്നും പറഞ്ഞാൽ വൃദ്ധയായ ഒരു മാതാവിനുണ്ടാകാവുന്ന വികാരഗതികളെന്തായിരിക്കാമെന്ന് ഏറക്കുറേ ഊഹിക്കാവുന്നതാണ്.

എന്നാൽ, എന്റെ അമ്മയ്ക്ക് പഠിപ്പില്ലായിരുന്നെങ്കിലും തീണ്ടലും തൊടീലും അസമത്വങ്ങളും വലിയ അന്യായമാണെന്നു തോന്നീട്ടുണ്ടായിരുന്നു. എന്റെ ദിക്കിലോ സമീപത്തോ ഉണ്ടാകുന്ന നായർയോഗങ്ങളിലെല്ലാം മുടങ്ങാതെതന്നെ അമ്മ പങ്കുകൊള്ളുമായിരുന്നു. അതുകൊണ്ടു നായരുടെ ഇടയിലെ ജാതിഭേദം അർഥമുള്ളതല്ലെന്നും തീണ്ടലും തൊടീലും മാറ്റേണ്ടതാണെന്നും അമ്മ ധരിച്ചിരുന്നു. നായരുടെ കാര്യത്തിൽ അവസരം വന്നപ്പോഴെല്ലാം

എന്റെ അമ്മ അതു കൂസൽകൂടാതെ ലംഘിച്ചിരുന്നു. അതിനപ്പുറം പോകാൻ അമ്മ ഇതുവരെ വിചാരിച്ചിരുന്നില്ല. അതിനുള്ള ആവശ്യമോ സന്ദർഭമോ ഇതുവരെ ഉണ്ടായിട്ടില്ല. എന്റെ അഭ്യർഥന അമ്മയെ അമ്പരപ്പിച്ചിരിക്കാം. മകൻ ചെയ്യുന്നതെല്ലാം ശരിയെന്നു വിചാരിക്കുന്ന, അതിരുകവിഞ്ഞ പുത്രവാത്സല്യമുള്ള എന്റെ അമ്മ ''നിന്റെ ഹിതമതാണെങ്കിൽ അങ്ങനെ ആകട്ടെ'' എന്നു പറഞ്ഞതേയുള്ളൂ. എന്റെ അപേക്ഷയ്ക്ക് അമ്മ വഴിപ്പെട്ടിരുന്നില്ലെങ്കിൽ എന്റെ അപ്പോഴത്തെ സ്ഥിതി എന്തായിരിക്കുമെന്നു വായനക്കാർ ഊഹിച്ചുകൊണ്ടാൽ മതി.

അമ്മ അടുക്കളവാതുക്കൽ വിരിച്ചിരുന്ന മെത്തപ്പായിൽ ഞങ്ങൾ നാലാളും ഇരുന്നു. ഞാനിരുന്ന പായിൽ ഇടതുവശത്ത് അഴകനെ ഇരുത്തി, ഭട്ടതിരിയും നായരും മറ്റേ പായിൽ ഇരുന്നു. എന്റെ അമ്മയുടെ കൈകൊണ്ടുതന്നെ ആദ്യമായി അഴകനു കഞ്ഞിവിളമ്പി. ഞങ്ങളെല്ലാം കഞ്ഞികുടിച്ചു തീരാറായപ്പോൾ പുതുതായി ഒരു വിചാരം എന്റെ ഉള്ളിൽ പൊന്തിവന്നു- പാത്രമെടുക്കണ്ടേ, അതാരാണ്? അവരവർക്കാകാം. എങ്കിലും അതല്ലല്ലോ നാം വീടുകളിൽ കാണിക്കുന്ന ആതിഥ്യമര്യാദ. അത് ഇന്നു മാറ്റേണ്ടിവരുന്നെങ്കിൽ? അഴകനുള്ളതുകൊണ്ടുള്ള വിശേഷമെന്നല്ലാതെ മറ്റെന്താണു പയാനുള്ളത്? ആ വ്യത്യാസം കാണിക്കുന്നതും തെറ്റാണ്. ഇതെല്ലാം നിമിഷമാത്രം കൊണ്ടു ചിന്തിച്ച് ഒരു തീരുമാനത്തിലെത്തി. പാത്രമെടുക്കാൻ ഭാവിച്ച അഴകനെക്കൊണ്ട് അതെടുപ്പിക്കാതെ കൈകഴുകാൻ നിർബന്ധിച്ചു പറഞ്ഞയച്ചു. അവരെല്ലാം അപ്പുറത്തേക്കു പോയിക്കഴിഞ്ഞപ്പോൾ അമ്മയ്ക്കു വിമ്മിട്ടം വരരുതെന്നു കരുതി, ആരുണ്ടമ്മേ ഈ പാത്രമെടുക്കാൻ എന്നു ചോദിച്ചു. വേലക്കാരിയുണ്ടെന്ന് അമ്മ പറഞ്ഞപ്പോൾ, ശബ്ദിക്കാത്ത അവൾ മുന്നോട്ടുവന്ന് പുലയന്റെ പാത്രം മിഴക്കാൻ എനിക്കു സാധിക്കയില്ലെന്നു പറഞ്ഞു. എനിക്കവളോട് അശേഷം കോപം തോന്നിയില്ല. ആരും കാണുകയില്ലല്ലോ, ഞാൻ തന്നെ എടുത്തു കഴുകാം എന്നുപറഞ്ഞ് പാത്രമെടുത്തു തുടങ്ങിയപ്പോൾ അമ്മ തടസ്സപ്പെടുത്തി; അമ്മതന്നെ അതു കഴുകിവച്ചു.

***എന്റെ ജീവിതസ്മരണകൾ*** — ***മന്നത്ത് പത്മനാഭൻ***

- വാക്കും പ്രവൃത്തിയും ഒരുപോലെയാകാൻ മന്നത്ത് പത്മനാഭൻ ശ്രദ്ധിച്ചിരുന്നു. ഈ പ്രസ്താവന പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കുക.
- മന്നത്ത് പത്മനാഭന്റെ എന്തൊക്കെ സവിശേഷതകളാണ് നിങ്ങളെ ആകർഷിച്ചത്? ഇങ്ങനെ സവിശേഷസ്വഭാവമുള്ള മറ്റാരെക്കുറിച്ചെങ്കിലും നിങ്ങൾക്കറിയാമോ? അവരിലൊരാളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- ''അനവധി നൂറ്റാണ്ടുകാലമായി പുലയരോടും മറ്റും എന്റെ പൂർവികർ അറിയാതെ ചെയ്ത പാപകർമങ്ങൾക്കു പരിഹാരമായി, എന്റെ വീട്ടിൽ വച്ചുതന്നെ ഈ പ്രായശ്ചിത്തം നടത്തണമെന്നായിരിക്കും ദൈവനിശ്ചയം.''

  ''മകൻ ചെയ്യുന്നതെല്ലാം ശരിയെന്നു വിചാരിക്കുന്ന, അതിരുകവിഞ്ഞ പുത്രവാത്സല്യമുള്ള എന്റെ അമ്മ 'നിന്റെ ഹിതമതാണെങ്കിൽ അങ്ങനെ ആകട്ടെ' എന്നു പറഞ്ഞതേയുള്ളൂ.''

  ഈ വാക്യങ്ങൾ മറ്റൊരാൾ എഴുതുകയാണെങ്കിൽ എങ്ങനെയായിരിക്കും? എഴുതാം.



# പ്രകാശഗോപുരങ്ങൾ


# 4

ജീവിതത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളാണ് ആക്ഷേപഹാസ്യത്തിലൂടെ കാർട്ടൂണിസ്റ്റുകൾ അവതരിപ്പിക്കുന്നത്. ഈ കാർട്ടൂൺ എന്തെല്ലാം കാര്യങ്ങളാണ് പറയുന്നത്?



വ്യത്യസ്തമായ ഒരു ചികിത്സാനുഭവം.

# കത്തിയും മുരളിയും



ഇരവായ്, പ്രശാന്തമാ-
　　യാസ്പത്രി, വരാന്തയിൽ
പരിചാരികമാർതൻ
　　കാൽപ്പെരുമാറ്റം മാത്രം.

പകലേ ശസ്ത്രക്രിയ
　　ചെയ്ത തന്നുദരത്തി-
ന്നകമേ നോവാൽ കേണാ-
　　നെന്റെ സോദരൻ മാത്രം.

ഞാൻ തനിച്ചിരുന്നിതാ-
　　ക്കട്ടിലിൽ കണ്ണീരോ, ടെൻ
സാന്ത്വനമെങ്ങാ, സഹ-
　　ജന്റെ വേദനയെങ്ങോ!

ഒടുവാ രോദത്തിന്റെ,-
　　യെന്റെ നിർബന്ധത്തിന്റെ
പിടിവാശിയാൽ ഡോക്ടർ
　　പാതിരായ്ക്കങ്ങോട്ടെത്തീ;

[അദ്ദിനമവിശ്രാന്തം
　　ശസ്ത്രമേന്തിയ സായ്പിൻ
നിദ്രയെ ദ്രോഹിച്ചല്ലോ-
　　മാപ്പുചോദിച്ചേൻ കണ്ണാൽ!]

"മകനേ സമാശ്വസി-
　　ച്ചാലു" മെന്നങ്ങോർ ചൊൽകെ
മമ സോദരൻ മാഴ്കീ,
　　'തീക്കനലാണെന്നുള്ളിൽ.'

രോഗിതൻ വിയർപ്പുറ്റ
　　നെറ്റിമേൽ കൈവച്ചങ്ങു
മൂകനായ്മേവീ - പ്രാർഥി-
　　ച്ചീടുകയാവാം-ഡോക്ടർ.

ആ നിവേദനംകൊണ്ടും
　　ഫലമുണ്ടായീ, ലേട്ടൻ
പ്രാണവേദനകൊണ്ടു
　　വിലപിക്കയേ ചെയ്തു.

അങ്ങനെ യത്നി, ച്ചവ-
　　സാനമാ ഭിഷഗ്വരൻ
തൻ കിടപ്പറയിൽ പോ,-
　　യുടനേ തിരിച്ചെത്തീ.

ശയ്യതന്നുപാന്തത്തിലിരു-
　　ന്നാനദ്ദേഹം, തൽ-
കൈയിലെന്താണിക്കാണ്മ?
　　തൊരു കൊച്ചോടക്കുഴൽ!

യാതൊന്നും മിണ്ടീല താൻ,
　　അക്കുഴൽചുണ്ടിൽച്ചേർത്തു
നാദത്തിലലികയായ്,
　　അലിയിക്കയാ, യെല്ലാം.

ഞങ്ങളു, മിരുണ്ടെന്തോ
　　നീരവകദനത്താൽ
വിങ്ങിടും നിശീഥവും
　　മയങ്ങി ലയിക്കവേ

ആ മുരളിയിലൂടെ-
　　പ്പാടിനാനദ്ദേഹ,മു-
ദ്ദാമമായ്, വാചാലമായ്,
　　പ്രാർഥനചെയ്യും പോലെ.

ഭൂമിയിലുദാരമായ്
　　പരിശുദ്ധമായ്, സൗമ്യ-
കോമളമായുള്ളവ
　　മുകർന്നാക്കളനാദം,

ജഗദീശ്വരപാദം-
  പൂണ്ടു ചൊൽവതായ്ത്തോന്നീ
“ഭഗവൻ, ദയതൂളി-
  ച്ചാലുമെങ്ങടെ പുണ്ണിൽ!”

കാറ്റിളകീലാ, കാലം
  നീങ്ങീ, ലാ സ്വരരാഗം
കേട്ടു നിൽപ്പതായ്ത്തോന്നീ
  നിഭൃതം പാരും വാനും!

ക്ലാന്തമാം മിഴി കൂമ്പി-
  സ്സുഖനിദ്രയിലാണ്ടു
ശാന്തമായ് ശ്വാസോച്ഛ്വാസം
  ചെയ്കയായ് മത്സോദരൻ!

* * * * * *

ആ മുരളിയിലൂടെ-
  പ്പകരൂ, മനസ്സിന്റെ-
യാമയം നീങ്ങി സ്വസ്ഥ-
  രാകട്ടേ ശരീരികൾ.

കത്തിയാൽ, മരുന്നിനാൽ,
  മാറാത്ത നോവും മാറ്റാ-
നൊത്തിടാമൊരുൽകൃഷ്ട-
  ഭാവഹർഷത്താൽ മാത്രം!

***കടൽക്കാക്കകൾ*** ***വൈലോപ്പിള്ളി ശ്രീധരമേനോൻ***

- ശീർഷകത്തിലെ കത്തി, മുരളി എന്നിവ സൂചിപ്പിക്കുന്ന ആശയങ്ങൾ എന്തൊക്കെയാണ്?
- ഡോക്ടറുടെ ഓടക്കുഴൽവായന കേട്ടപ്പോൾ കാറ്റ്, കാലം, ലോകം എന്നിവയ്ക്കുണ്ടായ മാറ്റം കവി അവതരിപ്പിക്കുന്നതെങ്ങനെ?
- ചെറുസംഘങ്ങളായിത്തിരിഞ്ഞ്, കവിതയ്ക്ക് ഈണം നൽകി ക്ലാസിൽ അവതരിപ്പിക്കൂ.
- ഈ കവിതയിലെ ഡോക്ടറെ നിങ്ങൾക്കിഷ്ടപ്പെട്ടുവോ? എന്തുകൊണ്ട്? നിങ്ങൾക്കു പരിചയമുള്ള ഡോക്ടർമാരുമായി താരതമ്യംചെയ്തു വിലയിരുത്തുക.
- ‘‘ഇരവായ്, പ്രശാന്തമാ-
  യാസ്പത്രി, വരാന്തയിൽ
  പരിചാരികമാർ തൻ
  കാൽപ്പെരുമാറ്റം മാത്രം’’

  ഇതിൽ ‘ന്ത’ എന്ന അക്ഷരം രണ്ടിടത്തു വരുന്നതു ശ്രദ്ധിച്ചല്ലോ. കവിതാഗുണം ഉണ്ടാക്കുന്നതിൽ ഇതെങ്ങനെയാണു സഹായിക്കുന്നത്? ചർച്ചചെയ്യൂ. ഇതുപോലെ കൂടുതൽ വരികളും പ്രത്യേകതകളും കണ്ടെത്തുക.
- ഈ കവിത കഥാപ്രസംഗമാക്കി അവതരിപ്പിക്കൂ.
- പ്രയോഗഭംഗി കണ്ടെത്തുക:

  ‘‘മമ സോദരൻ മാഴ്കീ
  ‘തീക്കനലാണെന്നുള്ളിൽ’’

  ‘‘നാദത്തിലലികയായ്,
  അലിയിക്കയാ, യെല്ലാം’’

  രോഗംകൊണ്ട് വേദനിക്കുന്നവനു മരുന്നു മാത്രം മതിയോ? ചർച്ചചെയ്യുക.
- കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

# സാന്ത്വനസ്പർശം

**അ**ഡയാറിലെ കുട്ടികളുടെ വാർഡ് ഒരിക്കലും ഓർമയിൽ നിന്നു മായില്ല. ഞാൻ ഡി.എം. ഓങ്കോളജിക്ക് പഠിക്കുന്ന കാലം. നല്ലൊരു സമയം കുട്ടികളുടെ വാർഡിലായിരുന്നു ഞാൻ ചെലവഴിച്ചിരുന്നത്. ഒരു പഴഞ്ചൻ സ്കൂട്ടറിലായിരുന്നു അന്ന് എന്റെ സഞ്ചാരം. രാവിലെ എത്തുമ്പോഴേക്കും കുട്ടികളെല്ലാം എന്നെ കാത്ത് അക്ഷമരായി വരാന്തയിൽ വന്നുനിൽക്കുന്നുണ്ടാവും. സ്കൂട്ടർ എത്തിക്കഴിഞ്ഞാൽ ഹെൽമറ്റ് വാങ്ങാനും ടിഫിൻബോക്സ് വാങ്ങാനും അവർ തമ്മിൽ മത്സരമാണ്. അതിനിടെ ചില കുസൃതികൾ സ്കൂട്ടറിൽ കയറിപ്പറ്റിയിട്ടുണ്ടായിരിക്കും. സ്കൂട്ടറിൽ കുറേ ദൂരം കറങ്ങുക എന്നത് അവരുടെ മൗലികാവകാശമാണ്. കുറച്ചുപേരെ കയറ്റി ആശുപത്രിയുടെ മതിൽക്കെട്ടിനകത്ത് ഒരു തവണ കറങ്ങി വരുമ്പോഴേക്കും അടുത്ത സംഘം റെഡിയായി നിൽക്കുന്നുണ്ടാകും. എന്നും രാവിലെയുള്ള ഈ അഭ്യാസം കഴിഞ്ഞ് ഞാൻ വാർഡിലേക്കു കയറുമ്പോഴേക്കും നേരം കുറേയാവും. ചില ദിവസങ്ങളിൽ ചിലർക്ക് എന്റെ വീടുവരെ പോകണം. അന്നു മരുന്ന് എടുക്കാനില്ലാത്തവരാണെങ്കിൽ എനിക്ക് അനുസരിക്കാതിരിക്കാൻ വയ്യ. വേറെ ഒരു കാരണവും അവർക്കു ബാധകമല്ല. കുട്ടിസംഘം എന്നെ വരച്ച വരയിൽ നിർത്തിയിരുന്ന കാലം. വീട്ടിലെത്തിയാൽ വൈകുന്നതുവരെ അവർ അവിടെത്തന്നെ. എന്റെ മക്കളോടൊപ്പം ചെസ്സ് കളിച്ചും പാട്ടുപാടിയും അവർ ഒരു പകൽകൂടി ആഹ്ലാദിച്ചുതീർക്കുന്നതു ഞാൻ നോക്കിനിന്നിട്ടുണ്ട്. സകലതും മറക്കുന്ന ആ നിമിഷങ്ങൾ അവരുടേതു മാത്രമാണ്. അതു നിഷേധിക്കാൻ ആർക്കാണ് അവകാശം?

സിസ്റ്റർ ഐഡയ്ക്കായിരുന്നു കുട്ടികളുടെ വാർഡിന്റെ ചാർജ്. കുട്ടികളുടെ വാർഡിന്റെ അമ്മയായിരുന്നു ആ കന്യാസ്ത്രീ. സ്വന്തം ശമ്പളത്തിന്റെ വലിയൊരു പങ്കും സിസ്റ്റർ ഐഡ അവിടെത്തന്നെ ചെലവഴിച്ചു. കുട്ടികൾക്കുവേണ്ടി പലഹാരങ്ങളും അച്ചാറും ഉണ്ടാക്കുന്നതായിരുന്നു സിസ്റ്റർ ഐഡയുടെ ഒഴിവുനേരങ്ങളിലെ ജോലി. പല നാടുകളിൽനിന്നു വന്നിട്ടുള്ള കുട്ടികൾ. തമിഴ്നാട്ടിലെ പച്ചരിച്ചോറും സാമ്പാറും കഴിച്ച് വലഞ്ഞുകിടക്കുന്നവർക്കു വലിയൊരു ആശ്വാസംതന്നെയായിരുന്നു സിസ്റ്റർ ഐഡയുടെ പലഹാരങ്ങൾ. കൂടെനിൽക്കുന്ന അച്ഛനോ അമ്മയ്ക്കോ കുട്ടികളുടെ കാര്യങ്ങൾ ഒന്നും നോക്കേണ്ടിവരില്ല, സിസ്റ്റർ ഐഡയുള്ളപ്പോൾ.



കീമോതെറാപ്പിയുടെ ദിവസം കുട്ടികളെ ഒരുക്കിയെടുക്കുക എന്നതായിരുന്നു ഏറ്റവും വലിയ ജോലി. കുത്തിവയ്പിന്റെ ദിവസം അടുക്കുന്തോറും കുഞ്ഞുകണ്ണുകളിൽനിന്നു ഭയത്തിന്റെ സൂചിമുനകൾ പുറത്തേക്കു തെറിച്ചുനിൽക്കുന്നതു

കാണാം. തലേന്നു വൈകിട്ടു വരെ ചിരി പടർന്നുനിന്നിരുന്ന മുഖങ്ങളിൽനിന്നു വാവിട്ട നിലവിളികൾ കേൾക്കാൻ തുടങ്ങും. കൂട്ടുകാരുടെ കരച്ചിൽ കേൾക്കുമ്പോൾ മറ്റുള്ളവർ പേടിയോടെ പുതപ്പിനുള്ളിലേക്കു വലിയും. വേദനിപ്പിക്കുന്ന ഈയവസ്ഥയ്ക്ക് ഒരു പരിഹാരം കണ്ടത് സിസ്റ്റർ ഐഡയായിരുന്നു. കുട്ടികളുടെ ഇടയിൽനിന്ന് ഓരോ ആഴ്ചയും സിസ്റ്റർ ഐഡ ഒരു മോണിറ്ററെ തിരഞ്ഞെടുത്തു. ഓങ്കോളജി ഡിപാർട്ട്മെന്റിന്റെ തലവനെക്കാൾ വലിയ പദവിയാണ് മോണിറ്ററുടെ. സിസ്റ്റർ ഐഡയുടെ പുകഴ്ത്തലുകൾകൊണ്ട് ഓരോ മോണിറ്ററുടെയും മുഖത്ത് ആ ഭാവം തെളിഞ്ഞുനിൽക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. മോണിറ്ററാണ് ഒരാഴ്ച വാർഡ് ഭരിക്കുന്നത്. ഞാനും സിസ്റ്റർ ഐഡയുമൊക്കെ മോണിറ്ററുടെ സഹായികൾ മാത്രം! ചെയ്യേണ്ട കാര്യങ്ങളുടെ ഒരു ലിസ്റ്റ്തന്നെ സിസ്റ്റർ ഐഡ മോണിറ്ററുടെ കൈയിൽ കൊടുത്തിട്ടുണ്ടാകും. കീമോതെറാപ്പി എടുക്കേണ്ടവരുടെ പേരുകൾ, ഓരോ കീമോതെറാപ്പിക്കും വേണ്ട സമയം എന്നിങ്ങനെ. കീമോതെറാപ്പി എടുക്കേണ്ടവരെ പറഞ്ഞുസമാധാനിപ്പിച്ച് ഇഞ്ചക്ഷനിലേക്കു കൊണ്ടു വരേണ്ട ചുമതല മോണിറ്ററുടേതാണ്. എന്തു ഭവിഷ്യത്തും ഏറ്റെടുക്കാൻ തയാറായി മോണിറ്റർ സദാ കൂടെയുണ്ടാവും. മോണിറ്ററുടെ ഉറപ്പിലാണ് പലരും മനസ്സില്ലാമനസ്സോടെയെങ്കിലും കീമോതെറാപ്പിക്ക് തയാറാവുന്നത്. സൂചി കുത്താൻ നേരത്ത് എല്ലാം ശരിയല്ലേ എന്നു നിരീക്ഷിച്ചുകൊണ്ട് മോണിറ്റർ അടുത്തുതന്നെയുണ്ടാവും. കട്ടിലിൽ കിടക്കുന്ന നിസ്സഹായമായ മുഖം നോക്കി മോണിറ്റർ പതുക്കെ ഒന്നു കണ്ണടച്ച് ചിരിച്ച്, സാരമില്ല എന്നു കാണിക്കും. അടുത്ത ആഴ്ച ഇതിനേക്കാൾ നിസ്സഹായമായ മുഖത്തോടെയായിരിക്കും ഈ മോണിറ്റർ കട്ടിലിൽ കിടക്കുക!

കുട്ടികളുടെ വാർഡിലെ ചിരിയും കരച്ചിലും ഒടുങ്ങാതെ തുടരുന്നു. ഒരിക്കലും നിലയ്ക്കാത്ത പ്രവാഹംപോലെ കുട്ടികൾ വന്നുകൊണ്ടേയിരുന്നു. അസുഖം ഭേദമായിപ്പോകുന്നവർ, ഒരുപക്ഷേ ഓർക്കാതെ, ദു:ഖത്തോടെയാണ് യാത്രപറഞ്ഞത്. കുട്ടികളുടെ വാർഡിലെ ഒരു കട്ടിലും ഒരിക്കലും ഒഴിഞ്ഞുകിടന്നില്ല.

***ജീവിതമെന്ന അത്ഭുതം*** ***കെ.എസ്.അനിയൻ***
***(ഡോ.വി.പി.ഗംഗാധരന്റെ അനുഭവങ്ങൾ)***

- ഡോക്ടറുടെ പെരുമാറ്റത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? അദ്ദേഹത്തിന്റെ മഹത്തായ പ്രവർത്തനങ്ങളെ അനുമോദിക്കേണ്ടതല്ലേ. അദ്ദേഹത്തെ ആദരിക്കുന്ന ചടങ്ങിൽ നടത്താനുള്ള അനുമോദനപ്രസംഗം തയാറാക്കൂ.
- ഈ ആശുപത്രിയിൽ ചികിത്സിച്ച് രോഗം ഭേദമായ ഒരു കുട്ടി, തനിക്കുണ്ടായ അനുഭവം കൂട്ടുകാരനെ അറിയിക്കാൻ തയാറാക്കുന്ന കത്ത് എങ്ങനെയായിരിക്കും? എഴുതിനോക്കൂ.
- ആശുപത്രിയിലെത്തുന്ന ഏതൊരു രോഗിയും ആഗ്രഹിക്കുന്ന രീതിയിലാണ് സിസ്റ്റർ ഐഡയുടെ പ്രവർത്തനങ്ങൾ. ഇത്തരം സേവനങ്ങൾ ലഭ്യമാവണമെന്ന് എല്ലാവരും ആഗ്രഹിക്കാറില്ലേ. ഏതെങ്കിലും ഒരു സേവനമേഖലയിൽ (പോലീസ്, അധ്യാപനം, ഗതാഗതം തുടങ്ങിയ) നിങ്ങൾ പ്രതീക്ഷിക്കുന്ന പെരുമാറ്റ രീതിയെക്കുറിച്ച് കുറിപ്പു തയാറാക്കൂ.
- വരച്ചവരയിൽ, നിന്നനിൽപ്പിൽ– പ്രയോഗങ്ങൾ ശ്രദ്ധിച്ചില്ലേ. ഇതുപോലുള്ള പ്രയോഗങ്ങൾ ശേഖരിച്ച് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കൂ. തയ്യാറാക്കിയ സന്ദർഭങ്ങൾ ക്ലാസിൽ അവതരിപ്പിക്കണം.

# ആതുരസേവനത്തിന്റെ സന്നദ്ധഭടൻ

**ആ**ര്യവൈദ്യശാല ആരംഭിച്ച് ആറുമാസം കഴിയുംമുമ്പുതന്നെ നാട്ടിലാകെ ഒരു പകർച്ച വ്യാധി സംഹാരനൃത്തം തുടങ്ങി. വിഷൂചിക (കോളറ) എന്ന ഈ മാരകരോഗം കോട്ട യ്ക്കൽ നിവാസികളെയും പരക്കെ ബാധിച്ചു. അക്കാലത്ത് കോളറയെ ഒരു രോഗമെന്നതി നെക്കാൾ ദേവീകോപംമൂലമുണ്ടാകുന്ന മഹാമാരിയെന്ന നിലയ്ക്കാണ് ജനങ്ങൾ കരുതി പ്പോന്നത്. അതുകൊണ്ട് രോഗം ചികിത്സിച്ചുമാറ്റാനുള്ള ശ്രമംപോലും അധികമാരും ചെയ്തി രുന്നില്ല. അസുഖം പിടിപെടുന്നവർ മരിക്കുകയേയുള്ളൂ എന്നൊരു വിശ്വാസമായിരുന്നു പരക്കെ. എന്തുകൊണ്ടാണ് ഈ രോഗം വരുന്നതെന്നോ അതെങ്ങനെയാണു പകരുന്ന തെന്നോ തടയാൻ എന്തുചെയ്യണമെന്നോ ജനങ്ങൾക്ക് അറിവുണ്ടായിരുന്നില്ല. കോളറ മുതലായവ ദേവീകോപത്താലുണ്ടാകുന്ന നടപ്പുദീനങ്ങളാണെന്നു കരുതി ദേവീ പ്രീതി ക്കുള്ള വഴിപാടുകളും പ്രാർഥനകളും നടത്തുകയാണ് സാധാരണ അക്കാലത്തെ ജനങ്ങൾ ചെയ്തിരുന്നത്.

യുവഭിഷഗ്വരനായ പി.എസ്. വാരിയർ ആതുരസേവനത്തിനായി ആരംഭിച്ച ആര്യവൈദ്യ ശാലയുടെയും തന്റെയും ജനോപകാരപ്രദമായ പ്രവർത്തനക്ഷമത പരീക്ഷിക്കാൻ ഈശ്വരൻ നൽകിയ ഒരവസരമെന്ന നിലയ്ക്കാണ് ഈ വിപത്തിനെ നേരിട്ടത്. സാധാരണഗതിയിൽ ഗവൺമെന്റോ സന്നദ്ധസംഘടനകളോ ഏറ്റെടുക്കേണ്ടതായ ഒരു ഭാരിച്ച ചുമതല ആരു ടെയും പ്രേരണയില്ലാതെതന്നെ അദ്ദേഹം ഏറ്റെടുത്തു. അന്ധവിശ്വാസത്താൽ ഭയപ്പെട്ടോ ടുന്നവരെ അദ്ദേഹം കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി; ദു:ഖിതരെ സാന്ത്വനപ്പെടുത്തി. രോഗം ബാധിച്ച വീടുകളിലെല്ലാം അദ്ദേഹം ചെന്ന്, രോഗികളെ പരിശോധിച്ചു മരുന്നു കൊടു ത്തു. അവർക്കു വേണ്ടുന്ന ശുശ്രൂഷകൾ ചെയ്തു. ഭയപ്പെട്ടോടാതെ രോഗബാധിതരായ സ്വന്തം ജനങ്ങളെ ശുശ്രൂഷിക്കാൻ അദ്ദേഹം നാട്ടുകാരെ പഠിപ്പിച്ചു. രാപകലില്ലാതെ അവ രോടൊപ്പം നിന്ന് തന്നാൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്തു. രോഗം പകരാതിരി ക്കാൻ ചെയ്യേണ്ട മുൻകരുതലുകളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിച്ചു. ശുചിത്വത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ ജനങ്ങളെ പഠിപ്പിച്ചു.

രാപകലില്ലാതെയുള്ള ഈ ആതുരസേവനത്തിനു വലിയ ഫലമുണ്ടായി. പി.എസ്. വാരി യർ കോളറ ബാധിച്ച രോഗികളെ ശുശ്രൂഷിക്കാനും മരുന്നുകൊടുക്കാനും വീടുകൾതോറും ചെല്ലുകയും ബന്ധുക്കളെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കുകയും ചെയ്തതുകൊണ്ട് പല രോഗികൾക്കും ശുശ്രൂഷ ലഭിച്ചു. അദ്ദേഹം തന്നെ നേരിട്ടുവന്ന് മരുന്നുകൾ കൊടുത്തതു കൊണ്ട് മരണവക്ത്രത്തിൽപ്പെട്ട പല രോഗികളും രക്ഷപ്പെടുകയും ചെയ്തു. ബന്ധുക്കൾ കൈയൊഴിഞ്ഞുപോകാനൊരുങ്ങിയ പല രോഗികളും ഇങ്ങനെ രോഗവിമുക്തരായപ്പോൾ നാട്ടുകാർ പി.എസ്. വാരിയരുടെ ചികിത്സയെയും ഔഷധങ്ങളെയും പറ്റി കൂടുതൽ മതി

പ്പുള്ളവരായിത്തീർന്നു. മാത്രമല്ല, ഈ മഹാമാരിക്കിടയിൽ ആതുരശുശ്രൂഷയ്ക്കിറങ്ങിയ അദ്ദേഹത്തിന്റെ മനോധൈര്യത്തെയും സേവനോത്സുകതയെയും അവർ അത്ഭുതാദരങ്ങളോടെയാണ് വീക്ഷിച്ചത്. അങ്ങനെ കോട്ടയ്ക്കൽ നിവാസികൾക്കിടയിൽ അദ്ദേഹം ജനസമ്മതനായിത്തീർന്നു.

*വൈദ്യരത്നം പി. എസ്. വാരിയർ* *സി.എ. വാരിയർ*

- "ഉണങ്ങാനൊരുങ്ങിയ പൊന്നശോകച്ചില്ല
കിളിവന്നിരുന്നപ്പോൾ തളിർത്തു..."

  വരികളിലെ ആശയം പാഠഭാഗവുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? മരണത്തിന്റെ മുഖത്തുനിന്ന് ആരുടെയോ സഹായത്താൽ ജീവിതം തിരിച്ചുകിട്ടിയ ഒരാളെ കേന്ദ്രകഥാപാത്രമാക്കി ഒരു കഥ രചിക്കുക.

- ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഏതെങ്കിലും ഡോക്ടറോ നാട്ടുവൈദ്യനോ ആരോഗ്യപ്രവർത്തകനോ നിങ്ങളുടെ പ്രദേശത്ത് ഉണ്ടെന്ന് കരുതുക. അദ്ദേഹം സ്കൂളിലെ ആരോഗ്യക്ലബ്ബ് ഉദ്ഘാടനത്തിന് എത്തുകയാണ്. പരിപാടിയുടെ നോട്ടീസ് തയാറാക്കുക.

- ആരോഗ്യവുമായി ബന്ധപ്പെട്ട് ഒരുപാടു ചൊല്ലുകളുണ്ട്. അവയ്ക്ക് നിത്യജീവിതഭാഷയിൽ വേറെ അർഥങ്ങളാവും ഉണ്ടാവുക. ശേഖരിച്ചു പരിശോധിച്ചുനോക്കൂ.

  ഉദാ: രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്.

- ആരോഗ്യരംഗത്തെ ചില ആശയങ്ങളുമായി ബന്ധപ്പെട്ട് ചെറുനാടകങ്ങൾ ഉണ്ടാക്കി അവതരിപ്പിക്കുക. (ഉദാ: ശുശ്രൂഷ, മരുന്ന്, ആശുപത്രി, ഡോക്ടർ തുടങ്ങിയ വിഷയങ്ങളിൽ)



# ചിറകുള്ള കല്പനകൾ
# 5


പാണ്ഡവരുടെ വനവാസകാലം. അലഞ്ഞു തിരിഞ്ഞ് കാനനഭംഗി നുകർന്നുകൊണ്ട് അവർ നടക്കുകയായിരുന്നു. ഫലമൂലാദികൾ ഭക്ഷിച്ച്, കാട്ടുചോലകളിലെ തെളിനീരുകുടിച്ച് അവർ അങ്ങനെ നടന്നു. തളർന്നപ്പോൾ കാനനത്തെ കുളിരുപുതപ്പിച്ച് ഒഴുകിവരുന്ന ചോലക്കരയിൽ അവർ വിശ്രമിക്കാൻ തീരുമാനിച്ചു. ഭീമൻ ചോലയിലിറങ്ങി. ആ വലിയ കൈകൾ നിറയെ വെള്ളം കോരിയെടുത്തതേയുള്ളൂ-മനം മടുപ്പിക്കുന്ന മീൻമണം. മത്സ്യത്തിന്റെ ചെതുമ്പലുകൾ ഭീമന്റെ കൈക്കുമ്പിളിൽ നിറഞ്ഞു. ഭീമനു കോപം വന്നു. ആരാണീ ചോല മലിനമാക്കിയത്? ഭീമൻ ചോലയുടെ മേൽഭാഗത്തേക്കു നോക്കി. അതാ, അവിടെ ഒരു കുറവനും കുറത്തിയും മീൻ വെട്ടുന്നു. ഭീമൻ അവരെ ശപിച്ചു: "പരിശുദ്ധമായ ഈ തെളിനീർ മലിനപ്പെടുത്തിയ നിങ്ങൾ കരിമ്പാറക്കെട്ടുകളാകട്ടെ." അതാണത്രെ കുറവൻ മലയും കുറത്തിമലയും. ഇടുക്കി അണക്കെട്ട് ഈ മലകളെ ബന്ധിപ്പിച്ചാണ് നിർമിച്ചിട്ടുള്ളത്.



- തലമുറകളായി കൈമാറിവന്ന ഇത്തരം ചില സാങ്കൽപ്പികകഥകൾ നിങ്ങളുടെ നാട്ടിലും പ്രചാരത്തിലുണ്ടാവും. കണ്ടെത്തി അവതരിപ്പിക്കൂ.

പറയിപെറ്റ പന്തിരുകുലത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ?

# വായില്ലാക്കുന്നിലപ്പൻ



വായ കീറിയ പതിനൊന്നുപേരുടെ പിമ്പേ
വായില്ലാത്തവനായി നീയവതരിച്ചല്ലോ!

ചെറുനാക്കില്ലാ പെരുംദുഃഖങ്ങളനക്കുവാൻ,
ഒരു ചോറ്റുരുളയും വിഴുങ്ങാനാകാജ്ജന്മം.

വീതുളി, മുറം, തുടി പാറക്കല്ലെന്നിങ്ങനെ
സോദരന്മാരോ സ്വസ്വജീവിതം നയിച്ചേപോയ്.

ഒക്കെയുമോർമിച്ചും കൊണ്ടുറക്കെക്കരയുവാൻ
ഒക്കെയും മറന്നും കൊണ്ടുറക്കെച്ചിരിക്കാനും

നിനക്കു വയ്യെന്നായീ; തിരിഞ്ഞുനോക്കീടാതെ,
കനിവും കാണിക്കാതെ, ക്കടന്നേ പോയീ കാലം!

ഒന്നോടും പ്രതികരിച്ചീടുവാൻ കഴിയാതെ,
നിന്നെത്താൻ പ്രകാശിപ്പിച്ചീടാനുമരുതാതെ,

ചത്തപോൽ കിടന്നോ നീ ചാവുവന്നെത്തും വരെ.
ചത്തപ്പോഴാട്ടേ, തിക്കിത്തിരക്കിയെത്തീലയോ

നിന്നെയിങ്ങനെ ശിലാകാഠിന്യമാക്കിക്കുന്നി-
ന്നുന്നതങ്ങളിൽവച്ചു പൂജിപ്പതിന്നായാൾക്കാർ!

*ഗരുഡധ്വനി* — **പുലാക്കാട്ട് രവീന്ദ്രൻ**

- വായില്ലാക്കുന്നിലപ്പന്റെ ദൈന്യം ആവിഷ്കരിക്കുന്ന വരികൾ കണ്ടെത്തി എഴുതുക. വായില്ലാക്കുന്നിലപ്പനെക്കുറിച്ച് സ്വന്തം വാക്കുകളിൽ ഒരു വിവരണവും തയാറാക്കാം.
- സൂചനകളിലൂടെ സംഭവങ്ങൾ, ആളുകൾ തുടങ്ങിയവ വായനക്കാരിലെത്തിക്കാൻ കവിതയ്ക്ക് കഴിയുന്നു. ഇതിനുള്ള ഉദാഹരണങ്ങൾ കവിതയിൽനിന്നു കണ്ടെത്തി വിശദമാക്കുക.
- ജീവിച്ചിരുന്ന കാലത്ത് ദുരിതങ്ങളിൽ സഹായിക്കാതെ മരണശേഷം അവരെ പൂജിക്കുകയും പുകഴ്ത്തുകയും ചെയ്യുന്ന ലോകർ– ഈ ആശയം വരുന്ന വരികൾ കവിതയിൽനിന്നു കണ്ടെത്തുക. മനുഷ്യന്റെ ഈ സ്വഭാവത്തിന് ഉദാഹരണമായി പറയാവുന്ന അനുഭവങ്ങൾ എഴുതി അവതരിപ്പിക്കൂ.
- ‘‘പന്ത്രണ്ടുമക്കളത്രേ പിറന്നു
  ഞങ്ങൾ പന്ത്രണ്ടു കൈയിൽ വളർന്നു ...’’

  വായില്ലാക്കുന്നിലപ്പന്റെ മറ്റു സഹോദരന്മാരെക്കുറിച്ചുള്ള കഥകൾ ശേഖരിച്ചു പതിപ്പു തയാറാക്കൂ.
- കടന്നേപോയ്, നയിച്ചേപോയ്

  കടന്നുപോയി എന്നതിനുപകരം കടന്നേപോയ് എന്നും നയിച്ചുപോയി എന്നതിനു പകരം നയിച്ചേപോയ് എന്നും പ്രയോഗിക്കുമ്പോഴുണ്ടാവുന്ന അർഥവ്യത്യാസമെന്ത്? ഇതുപോലുള്ള പ്രയോഗങ്ങൾ കണ്ടെത്തി എഴുതുക.

ലോകത്തിന്റെ എല്ലാ ഭാഗത്തും പുരാവൃത്തങ്ങളും സാങ്കല്പിക കഥകളുമുണ്ട്. ഒരു ഗ്രീക്ക് പുരാണകഥ.


# പ്രതീക്ഷയുടെ ചിറകുകൾ

**ഒ**ളിംപസ് പർവതനിരകളിൽനിന്നു കുളിരും മണവും പേറി കാറ്റ് താഴ്‌വരയിലേക്ക് ഒഴുകിയെത്തി. ഒലിവുമരങ്ങളുടെ ഇലക്കാതുകളിലെ തുഷാരകണങ്ങളെ വൈഡൂര്യമാക്കിക്കൊണ്ട് സൂര്യൻ പുഞ്ചിരിച്ചു. നീലമലകൾക്കു നടുവിലെ ആ പുൽമൈതാനം ഈറൻവിട്ടു തുടങ്ങുന്നതേയുള്ളൂ. എപ്പിമത്യൂസും കൂട്ടരും ഉത്സാഹത്തോടെ പുൽമൈതാനത്തിലേക്കിറങ്ങി; പച്ചപ്പിലേക്കു തുറന്നുവിട്ട കുഞ്ഞാടിൻകൂട്ടത്തെപ്പോലെ.

മൈതാനത്തിന്റെ അങ്ങേയറ്റത്താണ് ആ മനോഹരമായ മാളിക. പുറത്തെ ചവിട്ടുപടിയിൽ കാൽമുട്ടുകളിൽ കൈവച്ച്, കൈപ്പടത്തിൽ തലചായ്ച്ചിരിക്കുകയാണ് പാൻഡോറ. അവളുടെ കുറുനിരകൾ കാറ്റിൽപ്പറന്നു. അവൾക്ക് ഒരുത്സാഹവും തോന്നിയില്ല.

''വരുന്നില്ലേ പാൻഡോറാ...''

മൈതാനത്തുനിന്ന് ഒരു കൂട്ടുകാരൻ ഉറക്കെ വിളിച്ചുചോദിച്ചു. ഇല്ലെന്ന് അവൾ ആംഗ്യം കാണിച്ചു. എപ്പിമത്യൂസ് അവളെ ക്ഷണിച്ചതാണ്. തലവേദനയാണെന്നു പറഞ്ഞ് അവൾ ഒഴിഞ്ഞുമാറുകയായിരുന്നു. കൂട്ടുകാരെല്ലാം കളിയിൽ മുഴുകിക്കഴിഞ്ഞപ്പോൾ അവൾ വീട്ടിനകത്തേക്കു നടന്നു.



മുറിയുടെ മൂലയിൽ ആ പെട്ടി അവളെ കാത്തിരുന്നു. അത് ഒരേസമയം അവളിൽ കൗതുകവും ഭയവുമുണ്ടാക്കി. കറുത്തുമിന്നുന്ന തടിയിൽ കൊത്തുപണികൾ ചെയ്ത്, ചെമ്പു പതിച്ച മനോഹരമായ പെട്ടി. സ്വർണറിബൺകൊണ്ട് അതിൽ അലങ്കാരപ്പട്ട ഇട്ടിരുന്നു.

ഹെർമിസ് ദേവനാണ് ഒരുനാൾ എപ്പിമത്യൂസിനെ ആ പെട്ടി ഏൽപ്പിച്ചത്. അതിന് നല്ല ഭാരമുണ്ടായിരുന്നു.

''എപ്പിമത്യൂസ്, പാൻഡോറാ, നിങ്ങൾ കുറച്ചുനാൾ ഇതിവിടെ സൂക്ഷിക്കണം. ഞാൻ പിന്നീടു വന്ന് എടുത്തുകൊള്ളാം''–

ദേവൻ പറഞ്ഞു. പോകുന്നതിനുമുമ്പ് അദ്ദേഹം ഒരു കാര്യം പ്രത്യേകം ഓർമിപ്പിച്ചു:

''കുട്ടികളേ, ഒരു കാരണവശാലും നിങ്ങൾ പെട്ടി തുറന്നുനോക്കരുത്.''

ദിവസങ്ങളോളം ആ പെട്ടി അവിടിരുന്നു. ആ പെട്ടിക്കകത്തെന്താണ്? ഓരോ ദിവസവും അവളുടെ ജിജ്ഞാസ വളർന്നു. ഭക്ഷണത്തിൽ ശ്രദ്ധ കുറഞ്ഞു; കളിയിൽ ഉത്സാഹം കുറഞ്ഞു.

അവൾ പതുക്കെ ആ പെട്ടിയുടെ അരികിൽച്ചെന്നിരുന്നു. തുറക്കേണ്ടേ? തുറന്നാൽ ... ഒരു നിമിഷം അവൾ നീലത്തടാകം പോലുള്ള കണ്ണ് ഇറുക്കിയടച്ചു. പെട്ടിക്ക് കുറുകെ കെട്ടിയ സ്വർണച്ചരടുകൾ അവൾ അഴിക്കാൻ തുടങ്ങി. അപ്പോഴും ദേവന്റെ മുന്നറിയിപ്പു മനസ്സിൽ മുഴങ്ങുന്നുണ്ടായിരുന്നു. പെട്ടെന്ന് മധുരമായ ഒരു വിളി ഉയർന്നു:

''പാൻഡോറാ... സുന്ദരീ... പെട്ടി തുറക്കൂ.''

അവൾ അത്ഭുതപ്പെട്ടുപോയി. പെട്ടിക്കകത്തുനിന്നാണ് ആ ശബ്ദം.

''പാൻഡോറാ... സ്നേഹമുള്ളവളേ, സംശയിക്കേണ്ട!

പെട്ടി തുറക്കൂ... നിനക്ക് നല്ലതേ വരൂ...''

അവൾക്കു ധൈര്യമായി. തന്നെ ഇഷ്ടപ്പെടുന്ന ഏതോ പാവം ദേവതയാവാം. അവൾ വേഗം പെട്ടിയുടെ മൂടി നീക്കി.

ഒരുനിമിഷം, ഭീകരമായ ഒരു മുരൾച്ച! എന്താണു നടക്കുന്നതെന്നറിയുംമുമ്പേ മൂളിപ്പറന്ന ഒരു കൂട്ടം പ്രാണികൾ അവളുടെ മുഖത്തും ശരീരത്തും ആഞ്ഞുകുത്തി. അവളുറക്കെ നിലവിളിച്ചു.

കളിച്ചുകൊണ്ടിരുന്ന എപ്പിമത്യൂസും കൂട്ടരും അകത്തേക്കു പാഞ്ഞുവന്നു. അവർക്കും കിട്ടി വേണ്ടത്ര സമ്മാനങ്ങൾ! അയാൾ പെട്ടി വലിച്ചടച്ചു.

വേദനകൊണ്ടു പുളഞ്ഞ എപ്പിമത്യൂസും കൂട്ടരും അലറിവിളിക്കുകയും അവയെ ആട്ടിയകറ്റാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനിടെ എന്തെന്നറിയില്ല, ആ ജീവികൾ ദൂരേക്കു പറന്നുപോയി. നീറ്റൽ അല്പം കുറഞ്ഞയുടനെ എപ്പിമത്യൂസ് കലിതുള്ളിക്കൊണ്ട് പാൻഡോറയുടെ നേരെ കുതിച്ചു:

''എടീ വഞ്ചകീ, നീ എന്തിനാണ് ആ പെട്ടി തുറന്നത്?''

വേദനയും നിരാശയും അപമാനവും പാൻഡോറയെ ഭ്രാന്തുപിടിപ്പിച്ചിരുന്നു. അവൾ വിട്ടുകൊടുത്തില്ല: ''നീയാണിതിനെല്ലാം കാരണം. എന്തിനാണ് നീ ഹെർമിസ് ദേവനിൽ നിന്ന് ആ പെട്ടി വാങ്ങിയത്?''

അവർ തമ്മിൽ വഴക്കായി. അന്നുവരെ സ്നേഹത്തോടെയല്ലാതെ അവർ സംസാരിച്ചിട്ടില്ല; സഹായിക്കയല്ലാതെ കുറ്റപ്പെടുത്താറില്ല. അപ്പോഴാണ് പെട്ടിക്കകത്തു നിന്ന് ഒരു ദയനീയ ശബ്ദം കേട്ടത്:

''പാൻഡോറാ... എപ്പിമത്യൂസ്... എന്നേയും തുറന്നുവിടൂ...''

നന്നേ ക്ഷീണിച്ചൊരു ശബ്ദമായിരുന്നു അത്. അവർ വഴക്കു നിർത്തി, കാതോർത്തു.

''ഞാൻ നിങ്ങളെ ഉപദ്രവിക്കില്ല, നിങ്ങളെ രക്ഷിക്കാനാണ് ഞാൻ വരുന്നത്.''

എന്തുവേണമെന്നറിയാതെ എപ്പിമത്യൂസ് അല്പനേരം ചിന്താമൂകനായി നിന്നു.

വന്നതിനെക്കാൾ വലുതൊന്നും ഇനി വരാനില്ല. അവൻ മൂടി തുറന്നു. വർണങ്ങൾ വാരിക്കുടഞ്ഞ തിളങ്ങുന്ന ഉടൽ, സ്വർണനിറത്തിലുള്ള ചിറകുകൾ... ഒരു കുഞ്ഞുപ്രാണി പറന്നുയർന്നു. അതിന്റെ ചിറകുകൾ വീശിയപ്പോൾ ഏതോ ഒരു സംഗീതോപകരണത്തിൽ നിന്നെന്നപോലെ ശ്രുതിമധുരമായ നാദമുതിർന്നു. അവർ അത്ഭുതസ്തബ്ധരായി നോക്കിനിൽക്കേ ആ കുഞ്ഞുദേവത പാൻഡോറയുടെ കവിളിലിരുന്നു. അതിന്റെ ശീതളസ്പർശം അവളുടെ മുഖത്തെ നീറ്റൽ തണുപ്പിച്ചു. മറ്റുള്ളവരുടെ കവിളിലും ശരീരത്തിലുമുള്ള വേദനിക്കുന്ന പാടുകളിൽ അതു പറന്നിരുന്ന് കുളിർമ പടർത്തി. എല്ലാവരും ആശ്ചര്യത്തോടെ നിൽക്കുമ്പോൾ ആ കുഞ്ഞുദേവത ഇങ്ങനെ മൊഴിഞ്ഞു: ''പാൻഡോറാ, നീ ആദ്യം തുറന്നുവിട്ടത് തിന്മയുടെ കീടങ്ങളെയാണ്. പക, അസൂയ, ഏഷണി തുടങ്ങിയ എല്ലാ ദുഷിച്ച വികാരങ്ങളും അവ എങ്ങും പരത്തും. വേദനിക്കുന്നവരായി ഇപ്പോൾ ലോകമെങ്ങും എത്രയോ ആളുകൾ കാണും. എനിക്കവരെയൊക്കെ ആശ്വസിപ്പിക്കണം. അവരുടെയെല്ലാം മനസ്സിൽ ശാന്തിയുടെയും ആനന്ദത്തിന്റെയും പ്രകാശം നിറയ്ക്കണം. കാരണം, ഞാൻ പ്രതീക്ഷയാണ്. പോയ് വരട്ടെ.''

ജാലകപ്പഴുതിലൂടെ ആ സ്വർണമക്ഷിക പറന്നകലുന്നതും നോക്കി അവരങ്ങനെ നിന്നു. ഒരു നിമിഷം, നിറഞ്ഞ കണ്ണുകളോടെ പാൻഡോറ എപ്പിമത്യൂസിനെ നോക്കി. അവൻ അവളുടെ നെറുകയിൽ തലോടിക്കൊണ്ടിരുന്നു. മഴ കഴിഞ്ഞുവന്ന വെയിൽ പോലെ അവർ അന്യോന്യം പുഞ്ചിരിച്ചു.

*നാടോടിക്കഥ*

- കഥ വായിച്ചല്ലോ. ഈ കഥയിൽ നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട സന്ദർഭം ഏതാണ്? എന്തുകൊണ്ട്?
- 'പാൻഡോറയുടെ പെട്ടിതുറന്നപോലെ' എന്ന പ്രയോഗം പ്രസിദ്ധമാണ്. നമ്മുടെ ഭാഷയിലും ഇതുപോലെ ധാരാളം പ്രയോഗങ്ങളുണ്ട്. ഭഗീരഥപ്രയത്നം, ത്രിശങ്കുസ്വർഗം, ബാലികേറാമല തുടങ്ങിയവ. ഇതുപോലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി അവയ്ക്കു പിന്നിലെ കഥകൾ മുതിർന്നവരോടു ചോദിച്ച് മനസ്സിലാക്കുക. 'പ്രതീക്ഷയുടെ ചിറകുകൾ' എന്ന കഥ അവതരിപ്പിച്ച രീതി ചർച്ചചെയ്യാം, നിങ്ങൾ കണ്ടെത്തിയ കഥകൾ എഴുതി ക്ലാസിലെ കഥയരങ്ങിൽ അവതരിപ്പിക്കുക.
- 'പ്രതീക്ഷയുടെ ചിറകുകൾ' എന്ന കഥ നാടകമാക്കി ക്ലാസിൽ അവതരിപ്പിക്കാം.
- 'ചിറകുള്ള കല്പനകൾ' എന്ന പേര് ഈ ഭാഗത്തിന് എത്രമാത്രം ചേരുന്നുണ്ട്? കുറിപ്പെഴുതുക.

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഇന്ത്യൻ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.